LIGHTED TO LIGHTEN

മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# ഹെർമ്മോൻ ദൂതൻ








ഒക്ടോബർ ഡിസംബർ 2012

## സദ്വർത്തമാനം ഏവർക്കും.....

# Birthday greetings








## ജന്മദിന സ്തോത്രാർപ്പണം-ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ



## ആദരാഞ്ജലികൾ



**അഭി.പൗലോസ് മാർ പക്കോമിയോസ്**

ഓർത്തഡോക്സ് സഭ

**റവ.കെ.റ്റി.ജേക്കബ്**

റാന്നി



**ഹെർമ്മോൻ ദൂതൻ**

**അടൂർ ഭദ്രാസനത്രൈമാസിക**

**ജൂലൈ-സെപ്തംബർ 2012**





ചീഫ് എഡിറ്റർ
വെരി. റവ. ഡോ. പി.പി. ഏബ്രഹാം

എഡിറ്റർ
റവ. ഷോജി വർഗ്ഗീസ്

മാനേജർ
റവ. സിബു പള്ളിച്ചിറ

കൺവീനർ
ശ്രീ. ജിനു. പി. മാത്യൂ

കമ്മിറ്റി അംഗങ്ങൾ
റവ. അലക്സാണ്ടർ തോമസ്



**വിലാസം :**
**എഡിറ്റർ,**
**ഹെർമ്മോൻ ദൂതൻ,**
**ഹെർമ്മോൻ, അടൂർ - 691523**
Ph : 04734 228240
hermondoothan@gmail.com
hermondoothan@adoordiocese.org
www.adoordiocese.org



***വാർഷിക വരിസംഖ്യ - 60***
***ദ്വൈവാർഷികം - 100***


# ഉള്ളടക്കം


ഭദ്രാസനഎപ്പിസ്കോപ്പയിൽ നിന്ന്

ഭദ്രാസനസെക്രട്ടറിയുടെ അറിയിപ്പുകൾ

എഡിറ്റോറിയൽ

**സദ്‌വർത്തമാനം ഏവർക്കും** **6**
അനന്തമായ ദൈവം ഇമ്മാനുവേലായി തീരുന്നതിന്റെ പിന്നിലെ സ്നേഹദൂത് പങ്കുവയ്ക്കുകയാണ് കോട്ടയം - കൊച്ചി ഭദ്രാസനാദ്ധ്യക്ഷനായ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ.

**ഹൃദയത്തിൽ സംഗ്രഹിക്കപ്പെടേണ്ട വചനം** **8**
കനലുകളിൽ നടന്നവർക്ക് വചനം കുളിർത്തെന്നലായി മാറും. മാംസരൂപം ധരിക്കുന്ന വചനാനുഭവങ്ങൾ ജീവിതത്തോട് ചേർത്ത് പങ്കുവയ്ക്കുകയാണ് ഡോ.പ്രെയ്സി വിത്സൻ.

**അനുഗ്രഹം ആകേണ്ട വാർദ്ധക്യം** **11**
വാർദ്ധക്യം നിത്യദുഃഖങ്ങളുടെ കവാടമാണെന്ന ധാരണക്കപ്പുറം ജീവിതത്തിന്റെ അർത്ഥവും ആഴവും വെളിപ്പെടുത്തുന്ന പ്രശാന്തത കാലമാണെന്ന് ഓർമ്മപ്പെടുത്തുകയാണ് റവ.തോമസ് യേശുദാസൻ.

**ക്രിസ്തീയ രൂപപ്പെടൽ** **13**
വിടർന്ന് ആടേണ്ട പൂമൊട്ടുകൾ ശൈശവത്തിലേ കരിഞ്ഞ് വീണുപോകുന്നതിന്റെ കാര്യകാരണങ്ങൾ വിവരിക്കുകയാണ് റവ. ഏബ്രഹാം. പി.ഏബ്രഹാം.

**വചനത്തിൽ പുത്തുലയേണ്ട യൗവനം** **15**
ധ്യാനവും കർമ്മവും ആകേണ്ട വചനം അകലങ്ങളിലേയ്ക്ക് നീക്കി വെയ്ക്കപ്പെടുന്നതിന്റെ ഭീകരത യുവത്വത്തെ ഓർമ്മിപ്പിക്കുകയാണ് റവ.ഷൈജു പി.ജോൺ.

**ക്രിസ്തുവിനു രൂപപ്പെടാൻ നീ** **17**
ജീവിതാനുഭവമാകേണ്ട ക്രിസ്താഗമനത്തിന്റെ നാൾവഴികളിലൂടെ സഞ്ചരിക്കുകയാണ് റവ. ബ്രിജിത് ജോൺ കോശി.

**കൗമാരം വ്യത്യസ്ഥതയുടെ കാലം** **20**
കൗമാരത്തിന്റെ വർണ്ണങ്ങളും വർണ്ണഭേദങ്ങളും ക്ലിനിക്കൽ & ഫാമിലി കൗൺസിലർ ആയ റവ.ഡോ. ഡാനിയേൽ മാമ്മൻ പങ്കുവയ്ക്കുന്നു.

**The Relevance of the Family in Faith-building** **23**

**അനുസ്മരണം** **25**

**സഭാ പഞ്ചാഗം** **27**

*Kids Corner* **28**

**വാർത്തകൾ** **30**

**അയാമിൻ യു** **32**



# ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും

സുവിശേഷം എന്ന നല്ല വാർത്ത പങ്കിടുന്നതിനായി നാം വിളിക്കപ്പെട്ടിരിക്കുന്നു. എന്നാൽ നിർവികാരരായി തീർന്നിരിക്കുന്ന ഒരു കാലത്തിലാണ് നാം ജീവിക്കുന്നത്. എന്തു പറയണം? എവിടെ പറയണം? എങ്ങനെപറയണം? എപ്പോൾ പറയണം? ഇവയിൽ തട്ടി നാം വീണിരിക്കുകയാണ്. ഒരു സഭയുടെ പ്രധാനദൗത്യം സുവിശേഷം പകരുക എന്നതു മാത്രമാണ്. ഇന്ന് അതൊഴിച്ച് ബാക്കിയെല്ലാം സഭകൾ ചെയ്യാറുണ്ട്. യേശുവിനെകാണാനും കേൾക്കാനും ദാഹമുള്ള ഒരു ജനം മറുവശത്ത്.

നമ്മുടെ സഭ, അതിനുള്ളിലെ സംഘടനകൾക്ക് ഊന്നൽ കൊടുക്കുന്ന ആഴ്ചകളാണിത്. സംഘടനകളും തങ്ങളെക്കുറിച്ച് പുനരാലോചനനടത്തേണ്ട കാലമാണിത്. ഒക്ടോബറിൽ തന്നെയാണ് കുടുംബ ദിനവും. ഉറപ്പില്ലാത്ത സ്ഥലത്ത് പണിയപ്പെട്ടതായിരിക്കുന്നു പല കുടുംബങ്ങളും. ആർഭാടവും ധൂർത്തും നിറഞ്ഞ കല്യാണത്തിനു ശേഷം, അവ പൊട്ടി പൊട്ടി ഛിന്നഭിന്നമായി പൊയ്ക്കൊണ്ടിരിക്കുന്നു. ദൈവ വചനമാകുന്ന പാറമേലല്ല അത് പണിയപ്പെട്ടിരിക്കുന്നത് എന്നു വ്യക്തം. നവംബർ മാസത്തിൽ നാം കുട്ടികളേയും സണ്ടേ സ്കൂൾ പ്രവർത്തനങ്ങളേയും ഓർക്കുന്നു. സംശുദ്ധി ചെയ്ത വിശ്വാസത്തിൽ നമുക്ക് അവരെ പണിചെയ്യാൻ കഴിയാതെ പോകുന്നു. സുവിശേഷം ഇന്ന് പ്രസംഗിക്കപ്പെടേണ്ടത് നമ്മുടെ വീടുകളിൽ തന്നെയാണ്. അപ്പനും അമ്മയും മുഖ്യ ഉപദേശിമാരായി തീരണം. സഭയോടും സമൂഹത്തോടും ദൈവത്തോടുമുള്ള വലിയ ബന്ധത്തിൽ നമ്മുടെ കുട്ടികളെ ക്രമപെടുത്തണം. 'നാമൊന്ന്, നമുക്ക് ഒന്ന്' എന്ന ചിന്ത പോലും മാറി ദൈവേഷ്ടപ്രകാരമുള്ള സൃഷ്ടി തലത്തിലേക്ക് നമ്മുടെ ചിന്തകൾ മാറണം.

ഇരുപത്തിയഞ്ച് നോമ്പിലൂടെയാണ് നാം ക്രിസ്മസ് ആഘോഷത്തിനായി ഒരുങ്ങുന്നത്. ദൈവം എത്ര കാലം ഒരുങ്ങിയിട്ടാണ് ക്രിസ്തു ജനനം സാധിതമാക്കിയത്. 'കാലത്തിന്റെ തികവിൽ' എന്ന പ്രയോഗമാണ് അപ്പോസ്തലൻ ഉപയോഗിച്ചിരിക്കുന്നത്. ഈ തിരുജനനം ഒരുക്കത്തോടെ നമുക്കും ആചരിക്കാം. അത് പങ്കു വെക്കാം. 'ക്രിസ്തു നമ്മുടെ രക്ഷകൻ, എനിക്കും അപ്രകാരമായിരുന്നു'. ഈ സദ്വർത്തമാനം പാപ ഭാരത്തിൽ കഴിയുന്ന അനേകർക്ക് ജീവദായകമായ അനുഭവമായിതീരും. അപ്പോൾ സങ്കീർത്തനക്കാരൻ പറയുന്നതു പോലെ ദൈവം എല്ലാവർക്കും നല്ലവനാണ്. അഥവാ അവിടുന്ന് എല്ലാ സൃഷ്ടിക്കും മതിയായവനാണ് എന്ന് നമുക്കും ആർത്തുപറയാൻ കഴിയും.

ഒരു ആണ്ടറുതിയിലേക്ക് നാം അടുത്തു വരുന്നുവല്ലോ. ഭദ്രാസനത്തിലും സഭാ കേന്ദ്രത്തിലും അടക്കേണ്ട സ്തോത്രകാഴ്കകളും മററും അടക്കുന്നതിനു ട്രസ്ററിമാർ പ്രത്യേകം ഉത്സാഹിക്കണം.

മാർത്തോമാ സഭയുടെ ഒരു അരുമ സന്താനമാണ് അകാലത്തിൽ കഴിഞ്ഞു പോയ ഡോ. പി. പി. ജോബ്. അദ്ദേഹത്തിന്റെ വേർപാട് നമ്മെയെല്ലാം ദുഖത്തിലാഴ്ത്തുന്നു. അടർക്കളത്തിൽ വച്ച് വീരമരണം പ്രാപിക്കുന്നതുപോലെയായിരുന്നു സുവിശേഷ പ്രഘോഷണ മദ്ധ്യേയുള്ള അദ്ദേഹത്തിന്റെ വേർപാട്. മാർത്തോമാ സഭയോടും പിതാക്കന്മാരോടും വൈദികരോടും ഇത്രമാത്രം കൂറും വിശ്വസ്തതയും സ്നേഹവും പുലർത്തിയിരുന്ന മറെറാരു സുവിശേഷകനെ പകരം വെക്കാൻ കഴിയില്ല. അത്രമാത്രം അദ്ദേഹം ഈ സഭയെ സ്നേഹിച്ചിരുന്നു.കഴിഞ്ഞ ഭദ്രാസനകൺവൻഷന്റെ അവസാനദിവസം തടിച്ചു കൂടിയ വലിയ സമൂഹത്തെ എഴുന്നേൽപ്പിച്ചു നിർത്തി അദ്ദേഹം പറയിപ്പിച്ചു, “ഞാൻ ഈ സഭയെ സ്നേഹിക്കുന്നു.” വളരെ താണ ഒരു അനുഭവത്തിൽ നിന്നും വളരെ ഉന്നതമായ ഒരു ചുററുപാടിലേക്ക് ഉയർന്ന അദ്ദേഹം എന്നും വിനയാന്വിതനും മഹത്വകരമായ വചനത്തിന്റെ പ്രഘോഷകനുമായിരുന്നു..തന്റെ ജീവിതത്തിൽ സംഭവിച്ച കയ്പ്പിന്റെ അനുഭവങ്ങൾ ഒന്നും സുവിശേഷ പ്രഘോഷണത്തിൽ അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. അദ്ദേഹത്തിന്റെ, ദുഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ നമുക്ക് പ്രാർത്ഥനയിൽ ഓർക്കാം. ഡോ. ജോബിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം.

ജനുവരി ആദ്യ ആഴ്ചയിൽ നമ്മുടെ ഭദ്രാസനകൺവൻഷൻ ആരംഭിക്കുന്നു. എല്ലാവരേയും അതിലേക്ക് ക്ഷണിക്കുന്നു. ഈ കൂട്ടായ്മയിലൂടെ നമുക്ക് ഒന്നായി വളർന്ന് വചനമാകുന്ന കർത്താവിനെപഠിക്കാനും, അതിലൂടെ നാം സുവിശേഷം പങ്കിടുന്നതിനു ശക്തരാകാനും ഏവരും ഇപ്പോൾ മുതൽ പ്രാർത്ഥിക്കണം.

01.09.2012
അടൂർ

**മാർ ബർന്നബാസ് എപ്പിസ്കോപ്പ**

# ഭദ്രാസനസെക്രട്ടറിയുടെ അറിയിപ്പുകൾ...

മലങ്കര മാർത്തോമാ സുറിയാനി സഭ, അടൂർ ഭദ്രാസനഅസംബ്ലി 2012 ആഗസ്റ്റ് 25 ാം തീയതി അടൂർ ഈശോ മാർ തിമോഥെയോസ് സ്മാരക സ്പിരിച്വാലിററി സെന്ററിൽ ഭദ്രാസനഎപ്പിസ്കോപ്പായുടെ മഹനീയ അദ്ധ്യക്ഷതയിൽ അനുഗ്രഹീതമായി നടന്നു. കലയപുരം സീയോൻ കുന്നിൽ ആരംഭിക്കുന്ന സ്കൂളിനെ സംബന്ധിച്ചും ഇതര വിഷയങ്ങളെ സംബന്ധിച്ചും സുപ്രധാനതീരുമാനങ്ങൾ കൈക്കൊള്ളുന്നതിനു സാധിച്ചു. യോഗത്തിൽ സഭാ സെക്രട്ടറി റവ. പി ററി തോമസ് ധ്യാനപ്രസംഗം നടത്തി. സഹകരിച്ച ഏവർക്കും നന്ദി.

സീയോൻ കുന്നിൽ ആരംഭിക്കുന്ന മാർത്തോമാ റസിഡൻഷ്യൽ സ്കൂളിന്റെ പ്രഥമ ഘട്ടം പൂർത്തീകരിക്കുന്നതിനു മാത്രം ഏകദേശം പത്തുലക്ഷം രൂപാ ആവശ്യമാണ് .ഈ വർഷത്തെ ഭദ്രാസനദിനധനസമാഹരണത്തിലൂടെ ഒരു കോടി രൂപാ കണ്ടെത്തേണ്ടതുണ്ട്. അതതു സെന്ററിലെ വൈദികരും ഭദ്രാസനകൗൺസിൽ അംഗങ്ങളും മററ് ചുമതലക്കാരും ചേർന്നാണ് ഈ ധനസമാഹരണം നടത്തുന്നത്. ഈ പദ്ധതി വിജയകരമാക്കുന്നതിന് ഏവരും ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ഉദാരമായി നൽകുകയും യോജിച്ച് പ്രവർത്തിക്കുകയും വേണം എന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ ഭദ്രാസനഎപ്പിസ്കോപ്പ, അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി സെപ്തംബർ 8-ാം തീയതി ആയുസ്സിന്റെ ഒരു പുതിയ സംവത്സരത്തിലേക്ക് പ്രവേശിച്ചു. പുതുസംവത്സരത്തിൽ പുതിയ നന്മകൾനേരുന്നു. പ്രാർത്ഥനാപൂർവ്വമായ അഭിവാദനങ്ങൾ അർപ്പിക്കുന്നു.

**റവ.അലക്സാണ്ടർ തോമസ്**
(ഭദ്രാസനസെക്രട്ടറി)

## അഞ്ചാം മാർത്തോമാ (1728 – 1765)

നാലാം മാർത്തോമ്മാ അഞ്ചാം മാർത്തോമ്മായെ വാഴിച്ചു. മാർത്താണ്ഡവർമ്മ മഹാരാജാവായിരുന്നു അന്ന് വേണാടിന്റെ ഭരണാധികാരി. 1748-ൽ മാർ ഈവാനിയോസ് എന്ന നെസ്തോറിയൻ മെത്രാൻ വന്ന് സഭയുടെ ഭരണകാര്യങ്ങളിൽ ഇടപെടുവാൻ ശ്രമിച്ചു. മാർത്തോമ്മാ അദ്ദേഹത്തെ തിരികെ അയച്ചു. 1751-ൽ മൂസലിലെ കാതോലിക്കാ മാർ ബസ്സേലിയോസ് സക്രല്ലായും, യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും, യൂഹനോൻ റമ്പാനും വിദേശത്ത് നിന്ന് മലങ്കരയെത്തി. മാർത്തോമ്മാ പൈതൃകം മറന്ന യാക്കോബായ പക്ഷക്കാർ അഞ്ചാം മാർത്തോമ്മാ അന്ത്യോക്യ മെത്രാന്മാരുടെ കൈവയ്പ് സ്വീകരിക്കണമെന്ന് ശഠിച്ചു. ദിവന്നാസ്യോസ് എന്ന സ്ഥാനപ്പേർ സ്വീകരിക്കണമെന്ന് പാത്രിയർക്കീസ് നിർബന്ധിച്ചെഴുതി. തനിക്കു ലഭിച്ച കൈവയ്പിനു വൈകല്യമുണ്ടന്ന് സമ്മതിക്കയോ, വിദേശ മെത്രാന്മാരുടെ കൈവയ്പ് സ്വീകരിക്കുകയോ ചെയ്യുന്നതിന് അദ്ദേഹം കൂട്ടാക്കിയില്ല. അഞ്ചാം മാർത്തോമ്മായുടെ അനുമതി ഇല്ലാതെ മൂസലിലെ യുഹാനോൻ റമ്പാന് വിദേശ മെത്രാന്മാർ മെത്രാപ്പോലീത്താസ്ഥാനം കൊടുത്തു. എന്നാൽ മേലിൽ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അനുവാദം കൂടാതെ വിദേശ മെത്രാന്മാർ ആർക്കും പട്ടം കൊടുക്കുകയില്ലെന്നുള്ള വ്യവസ്ഥയിൽ 1754 ധനു 16-ന് വിദേശമെത്രാന്മാരെക്കൊണ്ട് അദ്ദേഹം ഒപ്പ് വയ്പിച്ചു. അന്ത്യോക്യൻ മെത്രാന്മാരുടെയും അവരുടെ പക്ഷം പിടിച്ച സ്വജനങ്ങളുടെയും എതിർപ്പിന്റെ നടുവിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഉൾഭരണ സ്വാതന്ത്ര്യം അടിയറ വയ്ക്കാതെ അദ്ദേഹം കാത്തു പരിപാലിച്ചു. 1765 മെയ് 8-ന് കാലം ചെയ്ത അദ്ദേഹത്തെ നിരണം പള്ളിയിൽ കബറടക്കി.

# എഡിറ്റോറിയൽ

## ഇന്നു നിങ്ങൾക്ക് ഒരു രക്ഷിതാവ്...

'സന്തോഷം' ക്രിസ്മസ് ആശംസകളിലെ സ്ഥിരം വാക്ക്. ലോക രക്ഷകനായ യേശുവിന്റെ പിറവിയാണ് കാരണം.അനുസരണക്കേടിന്റെ ഫലമായി ദൈവത്തിൽ നിന്നകന്ന മനുഷ്യ വർഗ്ഗത്തെ ദൈവത്തോട് നിരപ്പിക്കുവാൻ ദൈവം യേശുവിൽ ജഡമെടുത്ത അത്ഭുത സംഭവമാണ് ക്രിസ്മസിന്റെ മൂലം. സർവ്വ ജഡത്തിനുമുള്ളതാണിത്. തിരുപ്പിറവി വിളംബരം ചെയ്ത ദൂതന്റെ പ്രഖ്യാപനം അതായിരുന്നു.

തിരുപ്പിറവി സൂചിപ്പിക്കുന്ന നക്ഷത്രം തിരിച്ചറിഞ്ഞ വിജ്ഞാനികൾ, സ്വബുദ്ധിയിൽ ഊന്നി നീങ്ങിയതിന്റെ ഫലം, രണ്ടു വയസ്സും താഴെയുമുള്ള കുരുന്നുകളുടെ ക്രൂര വധമായിരുന്നു(മത്താ.2.16). തിരുവെഴുത്തുകളുടെ വെളിച്ചത്തിൽ ഒടുവിൽ അവരും ശിശുവിനെകണ്ടെത്തി. ഇടയന്മാരാകട്ടെ മതാചാരപ്രകാരം വ്രത ശുദ്ധിയില്ലാത്തവരും. ഒരു കൂട്ടർ വിജ്ഞാനികൾ, അപരർ അജ്ഞാനികൾ. ദൈവം ജഡമെടുത്തതോ ഏവർക്കും വേണ്ടി. സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാ സന്തോഷമായിരുന്നു ദൂതൻ വിളംബരം ചെയ്തത്. ലോക രകഷകനു പിറക്കുവാൻ വഴിയമ്പലത്തിൽ പോലും ഇടമില്ല. കാലിത്തൊഴുത്തിലായിരുന്നു പിറവി.

വിജ്ഞാനികളേയും അജ്ഞാനികളേയും വിശുദ്ധരേയും അശുദ്ധരേയും സമ്പന്നരേയും ദരിദ്രരേയും ഭൂവുടമകളേയും ഭൂരഹിതരേയും ദൈവത്തോട് നിരപ്പിക്കുവാൻ ദൈവം മനുഷ്യനായി. ക്രിസ്മസ് സർവ്വ ജനത്തിനും സന്തോഷത്തിന്റെ പെരുനാൾ. ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ ഭാഗ്യാവസ്ഥയാണ് സന്തോഷത്തിന്റെ രഹസ്യം. അതനുഭവിക്കുന്നവർ സന്തോഷം, പങ്കു വെക്കുവാൻ കടപ്പെട്ടവരുമാണ്.

തിരുപ്പിറവിയറിഞ്ഞ് മൂവർ സംഘം- വൃദ്ധനും യുവാവും ബാലനും യേശുക്കുഞ്ഞിനെകണ്ടു വണങ്ങുവാൻ പോയ കഥ കേട്ടിട്ടുണ്ട്. ഒരു ഗുഹയിലാണ് ശിശു. ഒരു വാതിൽ മാത്രം. അതും ഇടുങ്ങിയത്. വളരെ ഞെരുങ്ങി വൃദ്ധൻ ഗുഹയിൽ കടന്നു. കണ്ടതോ തന്നോളമുള്ള ഒരു വൃദ്ധനെ. വണങ്ങി ഇറങ്ങി. യുവാവു തിടുക്കത്തിൽ നിൽക്കുകയാണ്. അവനും ഗുഹയിൽ കടന്നു. കണ്ടതോ തന്നോളമുള്ള ഒരു യുവാവിനെ. ബാലൻ കണ്ടത് അവന്റെയത്രയുമുള്ള ഒരു ബാലനെ. ഇതൊരു പാരമ്പര്യ കഥ. യേശു എല്ലാവർക്കും സമകാലികനാണ്. ക്രിസ്മസിന്റെ നിത്യ സന്ദേശം അതാണ്. ക്രിസ്മസ് ഭൂത കാലകഥയോ തിളക്കമാർന്ന പ്രതീക്ഷയോ അല്ല. വർത്തമാനകാല യാഥാർത്ഥ്യമാണ്. 'To you today a Saviour' 'ഇന്നു നിങ്ങൾക്ക് ഒരു രക്ഷിതാവ്' - എല്ലാവർക്കും നൽകപ്പെട്ടിരിക്കുന്ന രക്ഷിതാവ്.

ഏവർക്കും രക്ഷിതാവായി അനുഭവമാകത്തക്കവണ്ണം യേശുവിനെ പരിചയപ്പെടുത്തുവാൻ (Introducing Jesus) അറിഞ്ഞവർക്ക് ഏറെ കടപ്പാടുണ്ട്. വേദ പണ്ഡിതനായ ജോൺ സ്റ്റോട്ട് പറഞ്ഞിരിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക, Because we known Him, we must make Him known- നാം അവനെഅറിയുന്നതു കൊണ്ട് അറിയിക്കുകയും വേണം.

ഏവർക്കും സന്തോഷകരമായ ക്രിസ്മസ്സും അനുഗ്രഹകരമായ പുതുവർഷവും ആശംസിക്കുന്നു.

എഡിറ്റർ



# സദ്വർത്തമാനം ഏവർക്കും.....

•ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പാ

ഒരു ഗുരു തന്റെ ശിഷ്യന്മാരെ അടുക്കൽ വിളിച്ച് ഇപ്രകാരം ചോദിച്ചു "എപ്പോഴാണ് ഇരുട്ടുമാറി പ്രകാശം വരുന്നുവെന്ന് പറയുവാൻ കഴിയുക?" . ഒന്നാമൻ പറഞ്ഞു, "രണ്ടു മരങ്ങൾ കണ്ടിട്ട് ഒന്ന് ആൽമരവും മറ്റേത് മാവും ആണെന്ന് തിരിച്ചറിയുവാൻ കഴിയുമ്പോഴാണ് ഇരുട്ടുമാറി പ്രകാശം വരുന്നതെന്ന് പറയുവാൻ കഴിയുക". രണ്ടാമൻ പറഞ്ഞു, "അങ്ങു ദൂരെ രണ്ടു മൃഗങ്ങളെ കണ്ടിട്ട് ഒന്ന് കഴുതയും മറ്റേത് കുതിരയുമാണെന്ന് പറയുവാൻ കഴിയുമ്പോഴാണ് ഇരുട്ടുമാറി പ്രകാശം വന്നുവെന്ന് പറയുവാൻ കഴിയുക". രണ്ടു ഉത്തരങ്ങളിലും തൃപ്തനാകാത്ത ഗുരു മൂന്നാമനോടും അപ്രകാരം ചോദിച്ചു. മൂന്നാമൻ പറഞ്ഞു, "അങ്ങ് ദൂരെ ഒരു മനുഷ്യരൂപം കാണുമ്പോൾ അത് എന്റെ സഹോദരനാണെന്ന് തിരിച്ചറിയുവാൻ കഴിയുമ്പോഴാണ് പ്രകാശം വന്നുവെന്ന് പറയുവാൻ കഴിയുക". പ്രബുദ്ധത എന്തെന്ന് ഗുരു പഠിപ്പിക്കുകയായിരുന്നു. വ്യക്തിഗത സംസ്കാരം രൂപം കൊള്ളുന്ന ഇന്ന്, ദൈവം യേശുവിലൂടെ ശരീരധാരണം ചെയ്ത സ്വയം നൽകലിന്റെ അർത്ഥതലങ്ങൾ നമ്മുടെ ക്രിസ്തുമസ് ആചരണത്തെ ധന്യമാക്കട്ടെ.

അനന്തമായ (Infinite) ദൈവം ഇമ്മാനുവേലായി (finite) തീരുന്ന അനുഭവമാണല്ലോ ക്രിസ്തുമസ്. അതുവരെ അതിരുകളില്ലാത്ത സ്നേഹത്തെപ്പറ്റി കേട്ടറിവുമാത്രമുള്ള മനുഷ്യൻ അത് കണ്ടതും അനുഭവിക്കുന്നതും ക്രിസ്തുവിലൂടെ ആയിരുന്നു. പ്രതീക്ഷകൾ നഷ്ടപ്പെട്ട മനുഷ്യഹൃദയങ്ങൾക്ക് പ്രതീക്ഷയും പ്രത്യാശയും പകരുന്നതായിരുന്നു ക്രിസ്താഗമനം. ഭൂമിയേയും, സർവ്വചരാചരങ്ങളെയും സൃഷ്ടിച്ച

ദൈവം ഇവയുടെ കാവൽക്കാരനായി മനുഷ്യനേയും സൃഷ്ടിച്ചു. കാലത്തിന്റെ ചക്രം മുന്നോട്ട് ചലിച്ചപ്പോൾ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് നിയമങ്ങൾ ഉണ്ടായി (പഴയനിയമം). എന്നാൽ ദൈവജനം ഉടമ്പടി (നിയമം) ലംഘിച്ചുകൊണ്ട് പാപത്തിന്റെ പരിണത ഫലങ്ങളിൽ അകപ്പെട്ടു. ഇവിടെ നിന്നും ഉയർന്ന ദൈവജനത്തിന്റെ ആത്മരോദനങ്ങൾ ഹൃദയവേദനയോടെ മനസ്സിലാക്കിയ സ്രഷ്ടാവ് തന്റെ ജനത്തിന് പ്രവാചകരിലൂടെയും ന്യായാധിപന്മാരിലൂടെയും രക്ഷയും ശിക്ഷയും നൽകി നയിച്ചു. എന്നാൽ മനുഷ്യഹൃദയങ്ങളിൽ രൂഢമൂലമായിരുന്ന പാപം അന്യദേവന്മാരിലേക്കും വിഗ്രഹാരാധനയിലേക്കും അവരെ നയിച്ചു. ഒടുവിൽ പാപത്തിന്റെ കാഠിന്യത്തിൽ നിന്നും രക്ഷയുടെ പരമോന്നതിയിലേക്ക് മനുഷ്യവർഗ്ഗത്തെ കൈപിടിച്ചുയർത്തുവാൻ ദൈവം തെരഞ്ഞെടുത്ത പാത ബലിയുടേതായിരുന്നു, സ്വയം നൽകലിന്റെതായിരുന്നു. ദൈവം മനുഷ്യരുടെ ഇടയിലേക്ക് മനുഷ്യനായി ഇറങ്ങി വന്നു (ഇമ്മാനുവേൽ).അന്നുവരെ മുൾപ്പടർപ്പിൽ അഗ്നിയായും, വിശുദ്ധസ്ഥലത്ത് ധൂപമായും, അത്യുഗ്രമായ മുഴക്കമായും മനസ്സിലാക്കിയിരുന്ന ദൈവം, മനുഷ്യപുത്രന്മാരെ ദൈവപുത്രന്മാരാക്കുവാൻ മനുഷ്യപുത്രനായി അവതരിച്ചു. അതായത് തന്റെ കൂടാരം (ഷെക്കീനാ) ദൈവം നമ്മുടെ ഇടയിൽ സ്ഥാപിച്ചു. 'ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോട് കൂടെ വസിക്കും. അവർ അവന്റെ ജനമായിരിക്കും. ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നും കണ്ണുനീരെല്ലാം തുടച്ചുകളയും - ഇനി മരണമുണ്ടാകുകയില്ല. ദുഃഖവും മുറവിളിയും കഷ്ടതയും ഇനിയുണ്ടാകുകയില്ല'. യേശുക്രിസ്തുവിലുള്ള ഈ ദൈവീക വെളിപാട് ആത്യന്തികമായ ജീവന്റെ പൂർണ്ണതയിലേക്ക് നമ്മെ നയിക്കുന്നു. പിതാവിൽ നിന്നുള്ള അകൽച്ച മരണമാണ്. ദൈവത്തോടൊപ്പം ആയിരിക്കുന്നതാണ് ജീവൻ. ഈ സമൃദ്ധിയായ ജീവൻ യേശുവിന്റെ ശരീരധാരണത്തിലൂടെ സാധ്യമാകുന്നു.

യാഥാർത്ഥ ബന്ധങ്ങളുടെ അനുഭവമാണ് ക്രിസ്മസ്. മാലാഖമാരുടെ ഗീതം നമ്മെ ഓർമ്മിപ്പിക്കുന്നത് അതാണ് : അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം . (വി.ലൂക്കോസ് 2:14). ദൈവത്തെ പ്രസാധിപ്പിക്കുന്നവർ ദൈവഹിതം ചെയ്യുന്നവരാണ്. ദൈവഹിത പൂർത്തീകരണത്തിനായി അവതാരം ചെയ്ത യേശുവിന്റെ ലക്ഷ്യം സമാധാനസ്ഥാപനമായിരുന്നതിനാൽ (ഷാലോം) സൃഷ്ടിയുടെ എല്ലാം പരസ്പര ബന്ധം മുഖ്യമായിരുന്നു.ബന്ധങ്ങളുടെ അഭാവമാണ് ഭയം ഉളവാക്കുന്നതെന്ന് ഏദൻ തോട്ടത്തിലെ സംഭവത്തിൽകൂടി നാം മനസ്സിലാക്കുന്നു. ധൂർത്തപുത്രന്റെ ഉപമയും ഇതിനുദാഹരണമാണ്. നിർജ്ജീവമായ സമൂഹത്തിലെ മരവിച്ച ശരീരങ്ങളായി നാം മാറിക്കൊണ്ടിരിക്കുമ്പോൾ ഓരോ ക്രിസ്മസും നമ്മെ ഉണർത്തേണ്ടത് കനിയുന്ന മനസ്സിന്റെ, കരുണയുള്ള ഹൃദയത്തിന്റെ, വറ്റാത്ത ഉറവുകളാകുവാനാണ്. പ്രതീക്ഷയുടെയും പ്രത്യാശയുടെയും അനുഭവമാണ് ക്രിസ്മസ്. യിസ്രായേലിന്റെ രക്ഷയ്ക്കായി കാത്തിരുന്ന ശിമ്യോൻ എന്ന വൃദ്ധൻ യേശുവിന്റെ ജനനത്തിൽ ഏറ്റവും അധികം സന്തോഷിക്കുന്നു.ദൈവത്തിങ്കൽ നിന്ന് യിസ്രായേലിന് ലഭ്യമാകുന്ന രക്ഷയെക്കുറിച്ചുള്ള പ്രതീക്ഷയോടെ സർവ്വവും ത്യജിച്ച് കാത്തിരിക്കുന്ന ശിമ്യോനും ലോക രക്ഷകനെഉദരത്തിൽ വഹിച്ച അന്നുമുതൽ ത്യാഗത്തിന്റെ പടവുകൾ ചവിട്ടിയ മറിയയും, സ്വപ്നങ്ങൾ തച്ചുടയ്ക്കപ്പെട്ടപ്പോഴും നീതിയുടെ മാർഗ്ഗം ത്യാഗമാണെന്ന് വിശ്വസിച്ച യോസഫും, പ്രത്യാശയും പ്രതീക്ഷയും നഷ്ടപ്പെടാതെ കാത്തുസൂക്ഷിച്ചവരുടെ മകുടോദാഹരണങ്ങളാണ്.പ്രതീക്ഷയും പ്രത്യാശയും നഷ്ടമായ സാഹചര്യത്തിൽ സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാ സന്തോഷവും, സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവന്ന സുദിനവും പുത്തൻ ഉണർവ്വ് പകരട്ടെ. സൃഷ്ടിയെന്ന വിശുദ്ധ കർമ്മത്താൽ പവിത്രീകൃതമായ ഈ പ്രപഞ്ചം മുഴുവൻ യേശുവിന്റെ, ആഗമനത്തിലൂടെ ആത്യന്തികമായി അസ്തിത്വ പൂർത്തീകരണത്തിലെത്തിച്ചേരുവാനും, നമ്മുടെ പ്രതീക്ഷകളുടെ പൂർത്തീകരണമായി ക്രിസ്മസ് സാക്ഷാത്കരിക്കുവാനും ഇടയാകട്ടെ.



# ഹൃദയത്തിൽ സംഗ്രഹിക്കപ്പെടേണ്ട വചനം



**കനലുകളിൽ നടന്നവർക്ക് വചനം കുളിർത്തെന്നലായി മാറും. മാംസരൂപം ധരിക്കുന്ന വചനാനുഭവങ്ങൾ ജീവിതത്തോട് ചേർത്ത് പങ്കുവയ്ക്കുകയാണ് ഡോ.പ്രെയ്സി വിത്സൻ. ലേഖിക യശ:ശരീര നായ ദിവ്യശ്രീ. സി.പി. വിത്സൻ കശ്ശീശായുടെ സഹധർമ്മിണിയും തിരുവല്ല ഇ.ജെ. ഇൻസ്റ്റിറ്റ്യൂട്ട് അദ്ധ്യാപികയും കടമ്പനാട് ശാലേം മാർത്തോമ്മാ ഇടവകാംഗവുമാണ്.**

സണ്ടേസ്കൂൾ അദ്ധ്യാപകരുടെ സെന്റർ സമ്മേളനം. മോഡൽ ക്ലാസ്സു നയിക്കുന്നത് എൻ.എം. സാറാമ്മ ടീച്ചർ. കൊച്ചമ്മച്ചി എന്നാണ് ഞങ്ങൾ വിളിക്കുക. കുമാരവകുപ്പ് വിദ്യാർത്ഥിനിയായിരുന്ന എന്നോട് ക്ലാസ്സിനുശേഷം പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അമ്മച്ചി എന്നിൽ വരുത്തിയ സ്വാധീനം വർണ്ണിക്കുവാൻ ധാരാളമുണ്ട്. ഡിഗ്രി പഠനത്തിനുശേഷം സെമിനാരിയിൽ ദൈവശാസ്ത്രപഠനത്തിനു അവസരമുണ്ടെന്നു എന്നോട് ആദ്യമായി പറഞ്ഞത് അമ്മച്ചിയാണ്. മോളെക്കൊണ്ടതിനു കഴിയുമെന്ന് എന്നെ ധൈര്യപ്പെടുത്തിയത് അമ്മച്ചിയാണ്. വചനം സംഗ്രഹിക്കുക എന്ന ആശയം മനസ്സിൽ പതിപ്പിച്ചതും അതേ അമ്മച്ചി തന്നെയാണ്. 1978ൽ നടന്ന മോഡൽ ക്ലാസ്സിൽ പഠിച്ചവാക്യം ഇതായിരുന്നു. ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു.(സങ്കീ.119:11)

പന്ത്രണ്ടു വയസ്സു പൂർത്തിയായ യേശുവിനേയും കൂട്ടി മാതാപിതാക്കൾ യെരുശലേം ദൈവാലയത്തിലെത്തി. പെരുനാൾ കഴിഞ്ഞ് മടങ്ങിയ മാതാപിതാക്കൾ മകനെകാണാതെ വലഞ്ഞു ഒടുവിൽ ദൈവാലയത്തിൽ തന്നെ അവനെകണ്ടെത്തി. വ്യസനം അറിയിച്ച മാതാവിനോട് "എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടതല്ലയോ?" എന്ന ചോദ്യമാണ് യേശു ഉന്നയിച്ചത്. ഈ വാക്കുകളുടെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെങ്കിലും അവന്റെ അമ്മ അതു ഹൃദയത്തിൽ സംഗ്രഹിച്ചു (ലൂക്കൊ.2:51). ന്യായപ്രമാണ സംബന്ധമായ സംവാദമാണ് ദൈവാലയത്തിൽ നടന്നുകൊണ്ടിരുന്നത്. അതിൽ പങ്കെടുക്കേണ്ടത് തന്റെ ദൗത്യമായി യേശു കണ്ടു. ദൈവത്തെ തന്റെ പിതാവായി പരസ്യമായി സാക്ഷിക്കുന്ന സന്ദർഭം കൂടെയായിരുന്നു അത്. ഭാവിയിൽ താനാരംഭിക്കുന്ന പരസ്യശുശ്രൂഷയുടെ മുന്നോടിയായും ഈ അനുഭവത്തെ യേശു വെളിപ്പെടുത്തി. തന്റെ കർത്തവ്യബോധത്തെ അനുസ്മരിപ്പിക്കുന്ന സ്വാഭാവിക പ്രവൃത്തിയായി യേശു പ്രസ്തുത സംഭവത്തെ ന്യായീകരിച്ചു.

"മോനേ, നിനക്കെന്തു മനസ്സിലായെടാ?" കുടുംബപ്രാർത്ഥനാ മദ്ധ്യേ, വേദപുസ്തകം വായിച്ചു നിർത്തിയ മകനോടു പിതാവ് ചോദിച്ചു. വായനഭാഗത്തെക്കുറിച്ച് കുടുംബമായി ചിന്തകൾ പങ്കിട്ട ശേഷമാണ് പ്രാർത്ഥനആരംഭിച്ചത്. വചനവായനയിലും വ്യാഖ്യാനത്തിലും കുടുംബം ശ്രദ്ധിക്കുന്നതു കണ്ടു ആദരവുതോന്നി. പല ഭവനങ്ങളിലും പ്രാർത്ഥനാമുറികളുണ്ട്. സന്ദർശകമുറിയിലിയിരുന്നു കുടുംബപ്രാർത്ഥന നയിക്കുന്ന ഭവനങ്ങളുമുണ്ട്. വേദപുസ്തകം വായിച്ചു പ്രാർത്ഥിച്ചു എന്നതിലുപരി വചനം ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിക്കുവാനുള്ള വേദിയുമാകണം കുടുംബപ്രാർത്ഥനകൾ.

ഓരോ വാക്യവും ആക്ഷരികമായി വ്യാഖ്യാനിക്കുന്നത് അപകടകരമാണ്. അങ്ങിങ്ങായി കാണുന്ന വാക്യങ്ങളിൽ ചിലത് പരസ്പരവിരുദ്ധങ്ങളായി തോന്നാം. ഓരോ വിഷയത്തിലും വേദപുസ്തകത്തിന്റെ ആകമാനമുള്ള കാഴ്ചപ്പാടാണ് കണക്കിലെടുക്കേണ്ടത്. ദൈവസ്നേഹം ക്രിസ്തുവിലൂടെ വെളിപ്പെട്ടതും ക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെയും ഉയിർത്തെഴുന്നേല്പ്പിലൂടെയും ലോകത്തിനു രക്ഷ ലഭ്യമായതുമാണ് പ്രധാനസന്ദേശം. ഇതു വിശ്വസിക്കുന്നവർ ദൈവവചനത്തിൽ വസിക്കുന്നു.

സണ്ടേസ്കൂളിൽ തിരുവചനപഠനത്തിനു വിവിധരീതികൾ അവലംബിച്ചുവരുന്നു. അദ്ധ്യാപകർ കൊച്ചുകുട്ടികൾക്കു പടങ്ങൾ കാട്ടിയും കഥകൾ പറഞ്ഞും പാട്ടുകൾ പഠിപ്പിച്ചും വേദപുസ്തകസത്യങ്ങൾ പരിചപ്പെടുത്തുന്നു. അക്ഷരങ്ങൾ വായിച്ചുതുടങ്ങുന്ന കുട്ടികൾക്ക് വേദപുസ്തകം ഇഷ്ടത്തോടെ വായിക്കുവാനുള്ള പ്രേരണ നൽകുന്നു. എഴുത്തിലൂടെയും വരയിലൂടെയും അഭിനയത്തിലൂടെയും അഭിപ്രായം പറയുന്നതിലൂടെയും വേദപുസ്തകപരിചയം സാദ്ധ്യമാക്കുന്ന അഭ്യാസങ്ങൾ നൽകുന്നു. ഓരോ വാക്യത്തിലൂടെയും കുട്ടികളുടെ കണ്ണുകൾ ശ്രദ്ധയോടെ കടന്നുപോകുംവിധം പ്രചോദിപ്പിക്കുന്ന പഠനരീതിയാണ് ഇത്. തികച്ചും ആസ്വാദ്യകരമായി ഈ അഭ്യാസങ്ങൾ ചെയ്തുതീർക്കുന്ന വിദ്യാർത്ഥികൾക്കു തൃപ്തിയും അതോടൊപ്പം സമർപ്പണവുമുണ്ടാക്കും. കുഞ്ഞുങ്ങളുടെ ജീവിതാനുഭവങ്ങളുമായി വേദഭാഗങ്ങളെ ബന്ധപ്പെടുത്തി നല്ല തീരുമാനങ്ങൾ സ്വയം എടുക്കുന്നതിനു സഹായിക്കുന്ന ശുശ്രൂഷയാണ് സണ്ടേസ്കൂൾ ചെയ്യുന്നത്.

***വേദപുസ്തകം വായിച്ചു പ്രാർത്ഥിച്ചു എന്നതിലുപരി വചനം ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിക്കുവാനുള്ള വേദിയുമാകണം കുടുംബപ്രാർത്ഥനകൾ. ഓരോ വാക്യവും ആക്ഷരികമായി വ്യാഖ്യാനിക്കുന്നത് അപകടകരമാണ്.***

തിരുവചനത്തെ മാനിക്കുന്ന വിശ്വാസസമൂഹത്തിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് തിരുവചനത്തോടു ആഭിമുഖ്യമുണ്ടാകുന്നു. സഭ എന്ന ക്രിസ്തുശരീരത്തിന്റെ പ്രധാനപ്പെട്ട അവയവങ്ങൾ തന്നെയാണ് കുഞ്ഞുങ്ങൾ. വേദപുസ്തകവായനയിലും ധ്യാനത്തിലും നടക്കുമ്പോൾ വിശ്വാസസമൂഹത്തിനുള്ള താല്പര്യവും കൊടുക്കുന്ന ശ്രദ്ധയും കുഞ്ഞിന്റെ മനോഭാവത്തെയും ഏറെ സ്വാധീനിക്കും. വിശ്വാസികൾ വായനക്കാർക്കും പ്രസംഗകർക്കും നൽകുന്ന പിന്തുണ കുഞ്ഞുങ്ങളുടെ ശ്രദ്ധയെ ഉദ്ദീപിപ്പിക്കും. ഞായറാഴ്ചകളിൽ ആരാധനാമദ്ധ്യേയുള്ള പ്രസംഗത്തിനുള്ള ഒരുക്കം നിയോഗിക്കപ്പെട്ടവർക്കു മാത്രമുള്ളതല്ല. വചനധ്യാനത്തിനു ഒരുക്കത്തോടെ വരുന്ന വിശ്വാസികൾക്ക് അവരവർക്കുള്ള സന്ദേശം വെളിപ്പെട്ടുവരുന്നു. ഈ ധ്യാനാത്മക അന്തരീക്ഷത്തിന്റെ ശക്തി പ്രസംഗകർക്കും അനുഭവിച്ചറിയുവാൻ കഴിയുന്നു. താൻ വചനവുമായി പ്രസംഗവേദിയിൽ നിൽക്കുമ്പോൾ ഇത് തന്നോടും കൂടെയുള്ള സന്ദേശമാണെന്ന ശക്തമായ തോന്നൽ അനുഭവപ്പെട്ടിട്ടുള്ളത് സാധുകൊച്ചുകുഞ്ഞ് ഉപദേശി സാക്ഷീകരിച്ചിട്ടുണ്ട്.

ദൈവവചനപഠനത്തിലൂടെ മാത്രമേ വചനശുശ്രൂഷ ഫലകരമായി നിർവ്വഹിക്കുവാൻ കഴിയൂ. കേൾവിക്കാരുടെ ആവശ്യങ്ങളും പരിമിതികളും കഴിവുകളും ഉൾപ്പെടുന്ന സാഹചര്യവിശദാംശങ്ങൾ പ്രസംഗകർക്കു തീർത്തും പരിചിതമാകണമെന്നില്ല. എന്നാലോ കൂടിവരുന്നവർക്കു ആവശ്യമുള്ള ദൂത് വചനത്തിൽ നിന്നു ലഭ്യമാക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മ പ്രവർത്തനമാണ്. ബി.ഡി.പഠനം പൂർത്തീകരിച്ച് നാളുകൾ കഴിയും മുമ്പേ അടൂർ യൂത്ത് സെന്ററിൽ യുവജനസഖ്യ വാർഷികയോഗത്തിൽ ധ്യാനപ്രസംഗം ചെയ്യുന്നതിനു അവസരം ലഭിച്ചു. എഴുതി തയ്യാറാക്കിയ പ്രസംഗം ആയിരുന്നു. പിന്നീട് യുവജനസഖ്യം പ്രസിഡന്റ് തിരുമേനി സി.പി. വിത്സനച്ചനോട് പറഞ്ഞു. "കൊച്ചമ്മയെ എടുത്തെറിയണമച്ചാ" അവസരങ്ങൾ അടിക്കടി നൽകി കഴിവുകളെ പ്രകാശിപ്പിക്കുന്ന കാര്യത്തെ കുറിച്ചാണ് അഭിവന്ദ്യ തിരുമേനി നിർദ്ദേശം നൽകിയത്. ഓണവാര സുവിശേഷ വേല പഴഞ്ഞിയിൽ നടക്കുമ്പോൾ പ്രസംഗം ചെയ്യണം, എന്ന് അപ്രതീക്ഷിതമായി വന്ന വികാരി അച്ചന്റെ നിർദ്ദേശം, തന്നെ ധാരാളം വളരുവാൻ സഹായിച്ചു എന്ന് വിത്സനച്ചൻ പ്രസംഗിക്കാൻ ഓർമ്മപ്പെടുത്തുമായിരുന്നു. വചനം ശുശ്രൂഷിക്കുന്നത് തികച്ചും ആയാസകരമല്ല. അലസമായി ചെയ്യേണ്ടതുമല്ല. അയയ്ക്കപ്പെടേണ്ടതിനും കൂടെയാണ് യേശു ശിഷ്യരെ തെരഞ്ഞെടുത്തത്. തിരുവചനം ധൈര്യത്തോടെ പ്രസ്താവിക്കുവാൻ പത്രൊസിനും യോഹന്നാനും കഴിയേണ്ടതിനും വിശ്വാസസമൂഹം ദൈവകൃപയ്ക്കായി പ്രാർത്ഥിച്ചു

അന്ത്യോക്യയിൽ പ്രബോധിപ്പിക്കേണ്ടതിനു ബർന്നബാസ് തയ്യാറായി. മാനസാന്തരശേഷം തർസൊസിൽ താമസിച്ചിരുന്ന പൗലൊസിനെഅന്ത്യോക്യയിലേക്കു കൂട്ടികൊണ്ടുവന്നു കൂട്ടായ്മ നൽകി. ഇരുവരും ഒരു വർഷത്തോളം അവിടെ താമസിച്ച് സംഘമായി ശുശ്രൂഷ ചെയ്തു. (അപ്പൊ:11:25-26). മൂന്നു മിഷനറിയാത്രകൾ നടത്തി ധാരാളം സഭകൾ രൂപീകരിച്ച പൗലൊസ് ഓരോ സഭകളുടെയും സാമൂഹ്യ-സാംസ്കാരിക പ്രത്യേകതകൾക്കനുസൃതമായി വചനശുശ്രൂഷ നിർവ്വഹിച്ചു. അപ്പൊല്ലോസ് എഫെസോസിലെ സഭാ മദ്ധ്യ പ്രസംഗിക്കുന്നതു കേട്ട അക്വിലാസും പ്രിസ്കില്ലയും അവനെ സ്വഭവനത്തിലേക്കു കൂട്ടികൊണ്ടുവന്നു. ദൈവവചനം അധികം സ്പഷ്ടമായി അവനു പറഞ്ഞു കൊടുത്തു (അപ്പൊ18:26).

വചനപഠനമെന്നത് വചനം വായിക്കുന്നതിലൂടെയും വ്യാഖ്യാനിക്കുന്നതിലൂടെയും നന്മയ്ക്കായി സ്വയം മാറ്റങ്ങൾ വരുത്തുന്നതാണ്. വചനപഠനത്തിനു മുൻതൂക്കം നൽകുന്നവർ പാറമേൽ വീടു പണിയുന്ന ബുദ്ധിയുള്ള മനുഷ്യരാണ്. പ്രതികൂല സാഹചര്യങ്ങളെ പ്രതിരോധിച്ചു നിലനിൽക്കുവാൻ അത്തരം വിശ്വാസികൾക്കും കഴിയും (മത്താ 9:24,25) അവർക്കു ദൈവ ഇഷ്ടം തിരിച്ചറിയുവാൻ കഴിയുന്നതാണ് അതിനു കാരണം. തന്റെ സ്വന്ത സാദൃശ്യമായി ദൈവം നമുക്കു നൽകിയ വിശേഷബുദ്ധി തിരുവചനത്തെ മാനിക്കുന്നതിനുവേണ്ടിയാണ്. വചനത്തെ മാനിക്കുന്നവർ ദൈവ ഇഷ്ടത്തെ മാനിക്കുന്നു. വചനമാകുന്ന വിത്ത് നല്ല ഹൃദയമാകുന്ന നിലത്ത് വിതയ്ക്കപ്പെടട്ടെ. അവ സംഗ്രഹിച്ച് ക്ഷമയോടെ ഫലം കൊടുക്കുവാൻ ഇടയാകട്ടെ (ലൂക്കൊ: 8:15) യഹോവയോടു പാപം ചെയ്യാതിരിക്കേണ്ടതിനു വചനം മധുരതരമായ ഭക്ഷണവും ഓർമ്മയുമായി നമ്മുടെ ഹൃദയങ്ങളിൽ സംഗ്രഹിക്കപ്പെടട്ടെ.

(അപ്പോ:4:30) പ്രാർത്ഥനയോടും ദൈവകൃപയിലുള്ള ആശ്രയത്തോടും ജീവിതവിശുദ്ധിയോടും കൂടെ നിർവ്വഹിക്കേണ്ടതാണ് വചനശുശ്രൂഷ.

വചനശുശ്രൂഷ വിവിധ മുഖാന്തരങ്ങളിലൂടെ നിർവ്വഹിച്ച പൂർവ്വീകരുടെ ചരിത്രം വേദപുസ്തകത്തിലുണ്ട്. പ്രവാചകരിലൂടെയും ന്യായാധിപരിലൂടെയും രാജാക്കളിലൂടെയും പുരോഹിതരിലൂടെയും വിശ്വാസസമൂഹത്തിലൂടെയും ദൈവിക അരുളപ്പാടു വെളിവാക്കപ്പെട്ടു. ദൈവത്തെ 'തികഞ്ഞ ജ്ഞാനമായി' ശലോമോൻ ചിത്രീകരിച്ചു (സദൃ.8) യേശുക്രിസ്തുവിനെ ജഡം ധരിച്ചു മനുഷ്യരുടെ ഇടയിൽ പാർത്ത വചനമായി വിശുദ്ധയോഹന്നാൻ സാക്ഷീകരിച്ചു. (യോഹ:1:14) ദൈവപുത്രൻ തന്നിൽ ഉരുവാകും എന്നു മറിയക്കു ദർശനമുണ്ടായി. യേശുകുഞ്ഞിനെകാണുവാനെത്തിയ ആട്ടിടയർ, ക്രിസ്തു എന്ന രക്ഷിതാവാണ് യേശു എന്ന ദർശനത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയപ്പോൾ മറിയ ആ വചനം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു (ലൂക്കൊ:2:19) തിരുവചനം രക്ഷയുടെ വചനമാണ് (അപ്പൊ:13:26).

***ഞായറാഴ്ചകളിൽ ആരാധനാമദ്ധ്യേയുള്ള പ്രസംഗത്തിനുള്ള ഒരുക്കം നിയോഗിക്കപ്പെട്ടവർക്കു മാത്രമുള്ളതല്ല. വചനധ്യാനത്തിനു ഒരുക്കത്തോടെ വരുന്ന വിശ്വാസികൾക്ക് അവരവർക്കുള്ള സന്ദേശം വെളിപ്പെട്ടുവരുന്നു. ഈ ധ്യാനാത്മക അന്തരീക്ഷത്തിന്റെ ശക്തി പ്രസംഗകർക്കും അനുഭവിച്ചറിയുവാൻ കഴിയുന്നു.***

ക്രൂശിക്കപ്പെട്ട യേശു ഉയിർത്തെഴുന്നേറ്റു എന്ന് ആദ്യമായി ഘോഷിച്ചത് മഗ്ദലനമറിയയാണ്. ജഡം ധരിച്ചു മനുഷ്യരുടെ ഇടയിൽ പാർത്ത വചനം എന്ന ക്രിസ്തുശരീരത്തോടുകൂടെത്തന്നെ ഉയിർത്തെഴുന്നേറ്റു എന്നത് നമുക്കു പ്രത്യാശ നൽകുന്നു. സ്തെഫാനോസിന്റെ മരണശേഷം ചിതറിപ്പോയ വിശ്വാസികളെ

## <u>അനുമോദനങ്ങൾ</u>

ഇടവകയിലെ എഴുപത് ശതമാനം കുടുംബങ്ങളെ ഹെർമ്മോൻ ദൂതൻ വരിക്കാരാക്കി 'ഹെർമ്മോൻ ദൂതൻ സുഹൃത്ത്' എന്ന പദവിക്ക് അർഹരായ **വയലാ ശാലേം, അരിനെല്ലൂർ ബഥേൽ, കരവാളൂർ കെരീത്** ഇടവകൾക്ക് ഹെർമ്മോൻ ദൂതന്റെ അനുമോദനങ്ങൾ.

**മാനേജർ**



# അനുഗ്രഹമാകേണ്ട വാർദ്ധക്യം!

**വാർദ്ധക്യം നിത്യദുഃഖങ്ങളുടെ കവാടമാണെന്ന ധാരണക്കപ്പുറം ജീവിതത്തിന്റെ അർത്ഥവും ആഴവും വെളിപ്പെടുത്തുന്ന പ്രശാന്തത കാലമാണെന്ന് ഓർമ്മപ്പെടുത്തുകയാണ് താമരക്കുളം സെന്റ് തോമസ് മാർത്തോമ്മാ ഇടവക വികാരി റവ.തോമസ് യേശുദാസൻ.**

ആധുനിക നാഗരികതയുടെ ആവിർഭാവത്തോടെ ആഗോളവ്യാപകമായ അനവധി പ്രശ്നങ്ങൾ ജന്മമെടുത്തിട്ടുണ്ട്. ഇന്നത്തെ വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവയിൽ പ്രാമുഖ്യം അർഹിക്കുന്നു. ആധുനിക നാഗരികതയുടെ വളർച്ചയോടൊപ്പം പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ നമ്മുടെ നാടും നേരിടുന്ന ഒരു വിഷയമാണ് വൃദ്ധജനങ്ങളുടെ സംരക്ഷണം.

മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ വയോജനങ്ങളുടെ നിലയും പദവികളും അടിക്കടി ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ന് കുടുംബത്തിന്റെ രൂപഘടനതന്നെ മാറി. പഴയ കുടുംബസമ്പ്രദായം ഒന്നോ രണ്ടോ തലമുറകൾ മാത്രം ഉൾക്കൊള്ളുന്ന ന്യൂക്ളിയർ കുടുംബ സമ്പ്രദായത്തിന് വഴിമാറികൊടുത്തു. പണം ഉണ്ട്, പറമ്പുകളുണ്ട്, എസ്റ്റേറ്റിൽ നിന്നോ കമ്പനിയുടെ ഷെയറിൽ നിന്നോ കിട്ടുന്ന വരുമാനമുണ്ട്. അടുത്ത കാലത്ത് പുതുക്കിപ്പണിത കോൺക്രീറ്റ് കെട്ടിടങ്ങൾ പൊളിച്ച് വലിയ ബംഗ്ലാവുകൾ പണിതുയർത്തി. പക്ഷേ മക്കളും അവരുടെ കുടുംബങ്ങളും അടുത്തില്ല. അവർ അന്യനാടുകളിലാണ്. മാതാപിതാക്കൾക്ക് പണം എത്ര വേണമെങ്കിലും അയച്ചുകൊടുക്കുവാൻ മക്കൾ സന്നദ്ധരാണ്. പക്ഷേ ഇവയൊന്നും വാർദ്ധക്യത്തിന്റെ ക്ഷീണാവസ്ഥയിലെത്തിയിരിക്കുന്നവരുടെ ജീവിതത്തിന്റെ ശൂന്യാവസ്ഥ ഇല്ലാതാക്കുവാൻ പര്യാപ്തമല്ല. ഏകാന്തതയിൽ വീർപ്പുമുട്ടി കഴിയുന്ന ഇത്തരം വയോജനങ്ങൾക്ക് സ്നേഹവും കൂട്ടായ്മയും ആത്മീയസന്തോഷവും പകർന്നു കൊടുക്കുന്ന പദ്ധതികൾ വളരെയധികം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഭാരതത്തിലെ വൃദ്ധജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അപഗ്രഥനം ചെയ്തു ഗവൺമെന്റും സ്വകാര്യ ഏജൻസികളും മത സംഘടനകളും നിരവധി പരിഹാര മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. സാമ്പത്തിക സുരക്ഷിതത്വം വൈകാരിക സുരക്ഷിതത്വം, ശാരീരിക സുരക്ഷിതത്വം ഇവയെല്ലാം പ്രധാനപ്പെട്ടവയാണ്. വാർദ്ധക്യത്തിന്റെ അവശതകളും ആവശ്യങ്ങളും പരിഗണിക്കപ്പെടുന്ന സഖിത്വവും കൂട്ടായ്മയും സുരക്ഷിതത്വബോധവും വൃദ്ധജനങ്ങൾക്ക് ലഭിക്കത്തക്ക സംവിധാനം ഉണ്ടാകണം.

അത്യന്തം സങ്കീർണ്ണവും വിപുലവുമായ വയോജനപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കു

വാൻ സമഗ്രമായ പദ്ധതികൾ ആവശ്യമാണ്. സംരക്ഷണം നൽകുവാൻ ഏതാനും വൃദ്ധമന്ദിരങ്ങൾ ഉണ്ടായാൽ മാത്രം പോരാ ഭാരതമൊട്ടാകെ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവിധം സമുചിതമായ പദ്ധതികൾ ആവിഷ്കരിക്കുകയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും വേണം.

അഭൂതപൂർവ്വമായ ശാസ്ത്രപുരോഗതിയാണ് ലോകം കൈവരിച്ചിരിക്കുന്നത്. ഇന്നത്തെ മുതിർന്ന തലമുറ ഈ പുരോഗതിയുടെ കുത്തൊഴുക്കു കണ്ടു മിഴിച്ചു നിൽക്കുകയാണ്. അവർ കടന്നുവന്ന കാളവണ്ടിയുഗത്തിൽ നിന്നും കമ്പ്യൂട്ടർ-ഇന്റർനെറ്റ് യുഗത്തിൽ വന്നെത്തിനിൽക്കുകയാണ്. ശീഘ്രഗതിയിൽ നീങ്ങികൊണ്ടിരിക്കുന്ന ആധുനിക ജീവിതത്തിൽ വയോജനങ്ങൾ അവഗണിക്കപ്പെടുകയോ വിസ്മരിക്കപ്പെടുകയോ ചെയ്തുപോകുന്നു. ആഡംബര ജീവിത സൗകര്യങ്ങൾ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഉതകുന്നില്ല. മക്കളുടെ പുതിയ ലോകത്തിലേക്ക് പറിച്ചുനടപ്പെടുന്ന വൃദ്ധജനങ്ങൾക്ക് പരിഷ്കൃത വീടും, ആധുനിക സജ്ജീകരണങ്ങളും അവരുടെ പൂർവ്വകാല ജീവിത ക്രമത്തോട് താരതമ്യപ്പെടുത്താനുമാകില്ല. പുതിയ ലോകം അവരുടെ സ്വസ്ഥത നശിപ്പിക്കുകയും, അരക്ഷിതാവസ്ഥയും നിദ്രയില്ലായ്മയും വരുത്തിവയ്ക്കുകയും ചെയ്തേക്കാം. പുതുമയോട് പഴമയ്ക്ക് പൊരുത്തപ്പെടുവാൻ സാധിക്കാത്ത (ജനറേഷൻ ഗ്യാപ്) കുടുംബത്തിന്റെ അസ്വസ്ഥതയായും വളരാം. ഒരു കാലത്ത് കുടുംബനാഥന്മരായി അധികാരാവകാശങ്ങൾ വച്ചുപുലർത്തിയവർ ഇന്ന് ആജ്ഞാനുവർത്തികളായി കഴിയേണ്ടിവരുന്നു. സ്വന്തം കുടുംബത്തിന്റെ സന്തോഷവേളകളിൽപ്പോലും, ഒന്ന് എത്തി നോക്കാൻ അനുവദിക്കപ്പെടാതെ നിത്യമായി അമർത്തപ്പെടുന്നു. അങ്ങനെ 'കൾച്ചറൽ ഗ്യാപ്പ്' എന്ന മറ്റൊന്നുകൂടി അവരെ വീർപ്പുമുട്ടിക്കുന്നു.

ശരീരത്തിലും മനസ്സിലും മാർദ്ദവമറ്റുപോയവരെ ശുശ്രൂഷിക്കുന്നതിൽ പുതിയ തലമുറയ്ക്ക് ഉൽസാഹം കുറഞ്ഞുവരുന്നു. സ്നേഹവും കരുതലും സ്വന്തം കുടുംബത്തിൽ നിന്നു ലഭിക്കാതെ വരുമ്പോൾ മറ്റിടങ്ങൾ അവർക്ക് അന്വേഷിക്കേണ്ടിവരുന്നു. അകൽച്ചയുടെയും തകർച്ചയുടെയും വക്കിൽ എത്തിയവരാണ് വൃദ്ധമന്ദിരങ്ങളിൽ അഭയം കണ്ടെത്തുന്നത്. ആശ്വാസത്തിനും സുരക്ഷിതത്വത്തിനുമായി ഓടിയെത്തുന്ന വയോജനങ്ങളെ യഥാസ്ഥാനത്ത് എത്തിക്കേണ്ടത് ധാർമ്മിക ബോധമുള്ള മനുഷ്യരുടെ ചുമതലയാണ്. വൃദ്ധ മന്ദിരങ്ങളെ അഗതി മന്ദിരങ്ങളായി കാണരുത്. അത് വീണ്ടെടുപ്പിന്റെ ദൈവാലയങ്ങളാണ്. യഥാസ്ഥാനപ്പെടുത്തുവാനുള്ള താല്പര്യമാകണം അതിനുണ്ടാകേണ്ടത്.

കേരളത്തിൽ വൃദ്ധജനങ്ങളുടെ സംരക്ഷണം വലിയൊരു സാമൂഹിക പ്രശ്നമായി മാറികൊണ്ടിരിക്കെയാണെന്ന് മുൻ രാഷ്ട്രപതി പ്രതിഭാപാട്ടീൽ ദീപികയുടെ 125-ാം വാർഷികാഘോഷ ചടങ്ങിൽ പറയുകയുണ്ടായി. ഇതിനൊരു പരിഹാരം കാണാൻ മാധ്യമങ്ങൾ ആത്മാർത്ഥമായ ബോധവൽക്കരണം നടത്തേണ്ടതും ആവശ്യമാണ്.

ദൈവരാജ്യപ്രവർത്തനങ്ങളിൽ പങ്കുകാരായ സഭയും ഇടവകകളും സാമൂഹ്യ ഉത്തരവാദിത്വങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ നിർവ്വഹിക്കേണ്ടതാണ്. സവിശേഷമായ ശ്രദ്ധയും കരുതലും ആവശ്യമായ രംഗങ്ങളിൽ ആദിമസഭയിലെ അപ്പോസ്തലന്മാരെപ്പോലെ ആദരണീയമായ മാതൃകൾ കാട്ടണം. അവഗണനയുടെയും അനൈക്യത്തിന്റെയും അപസ്വരങ്ങൾ ഉയർന്നപ്പോൾ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചുവരുത്തി ഉചിതമായ തീരുമാനം പന്തിരുവർ സ്വീകരിച്ചത് (അപ്പോ:6:1-6) സഭയുടെ വളർച്ചയിൽ ഒരു പുതിയ നാഴികക്കല്ലായിരുന്നു. ഏതൊരു ശുശ്രൂഷയും പരിശുദ്ധാത്മാവിൽ ചെയ്താൽ അത് ക്രിസ്തീയ സാക്ഷ്യത്തിന് മുഖാന്തരമായിത്തീരും.

വാർദ്ധക്യം അനുഗ്രഹമാണെന്നും തലനരച്ചവർ മാനിക്കപ്പെടേണ്ടവരാണെന്നും അവർ അനുഭവങ്ങളുടെ കലവറകളാണെന്നും നമുക്ക് തിരിച്ചറിയണം. വാർദ്ധക്യം നിത്യദുഃഖങ്ങളുടെ കവാടമാണെന്ന ധാരണക്കപ്പുറം ജീവിതത്തിന്റെ അർത്ഥവും ആഴവും വെളിപ്പെടുത്തുന്ന പ്രശാന്തതാ കാലമായി ഉപയോഗിക്കാനും ശ്രമിക്കണം. അതിനായുള്ള മുന്നൊരുക്കങ്ങളും നടത്തുന്നത് ഉചിതമാണ്. സമ്പത്തിന്റെ ക്രമീകരണം, തലമുറകളെ കൂടി ഉൾക്കൊള്ളുന്ന ജീവിത തീരുമാനം, ജീവിത പങ്കാളിയെ കൂടി സുരക്ഷിതമാക്കുന്ന ക്രമീകരണങ്ങൾ, ഇവ ശ്രദ്ധിക്കപ്പെടേണ്ടതാണ്. റിട്ടയർമെന്റ് കാലം അധികമായും ആത്മീയ രംഗങ്ങളിൽ പ്രയോജനപ്പെടുത്തുന്നത് ആത്മാവും മനസ്സും ശുദ്ധീകരിക്കപ്പെടുന്നതിനും സജീവമാക്കി നിലനിർത്തുന്നതിനും സഹായകമാകും. നന്നായി ജീവിക്കാനുള്ള ശ്രമത്തോടൊപ്പം നല്ല രീതിയിൽ മരിക്കാനുമുള്ള ആഗ്രഹവും പ്രാർത്ഥനയും ഉണ്ടാകണം. ജീവനും മരണവും ക്രിസ്തുവിനോടൊപ്പം തന്നെ എന്ന ചിന്ത അധികം ധൈര്യം നല്കും. കരുതലിന്റെ പാഠങ്ങൾ നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. കരുതലിന്റെ അദ്ധ്വാനങ്ങളിൽ പങ്കുകാരാകുന്നവർ ഓർക്കുക, കരുതപ്പെടലിന്റെ നിക്ഷേപങ്ങളാണവ. ദൈവം ഒരുക്കുന്ന മുഖാന്തിരങ്ങളിലൂടെ മടുപ്പില്ലാതെ പ്രയത്നിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# ക്രിസ്തീയ രൂപപ്പെടൽ

വിടർന്ന് ആടേണ്ട പൂമൊട്ടുകൾ ശൈശവത്തിലേ കരിഞ്ഞ് വീണുപോകുന്നതിന്റെ കാര്യകാരണങ്ങൾ വിവരിക്കുകയാണ് മാർത്തോമ്മ സണ്ടേസ്കൂൾ സമാജം മുൻ.അസി. സെക്രട്ടറി മാത്ര ഇമ്മാനുവേൽ ഇടവകവികാരിയുമായ **റവ. ഏബ്രഹാം. പി.ഏബ്രഹാം.**

ദൈവത്തിന്റെ ഏറ്റവും വിലപ്പെട്ട ദാനമാണ് നാളെയുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങൾ. തലമുറകളുടെ രൂപവത്ക്കരണം ക്രിസ്തു കേന്ദ്രീകൃതമായില്ലെങ്കിൽ നേരിടേണ്ട വിപത്ത് ഭയാനകമായിരിക്കും. കുട്ടികളിൽ നല്ലമൂല്യങ്ങൾ കാണാൻ കൊതിക്കുന്നുണ്ടോ? എന്റെ കുഞ്ഞ് വലിയവനാകുവാൻ ആഗ്രഹിക്കുന്നുവോ? പരിഹാരം ഒന്നേയുള്ളൂ, ദൈവത്തോടു ചേർന്ന് നിൽക്കുവാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുക. ഈ കാലഘട്ടത്തിൽ ഇത് സാദ്ധ്യമാകുമോ? യേശുവോ ജ്ഞാനത്തിലും, വളർച്ചയിലും, ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു. (ലൂക്കോസ് 2:52).

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ സ്വരൂപത്തിലും, സാദൃശ്യത്തിലുമാണ്. എന്നാൽ പാപത്തിന്റെ പരിണതഫലമായി ദൈവസ്വരൂപം മനുഷ്യന് നഷ്ടമായി. യേശുക്രിസ്തുവിൽ ദൈവം ആ നഷ്ടം വീണ്ടെടുത്തു. എന്നാൽ ഇന്നും നാമും നമ്മുടെ തലമുറയും ആ നഷ്ടത്തിൽ നിന്ന് കരകയറിയിട്ടുണ്ടോ?

**1. പള്ളി ആരാധനയും, സൺഡേസ്കൂളും**

കുഞ്ഞുപ്രായത്തിൽ തന്നെ യേശുവിനെ അറിയുവാനും, അനുകരിക്കാനും ലഭിക്കുന്ന അവസരങ്ങളാണല്ലോ പള്ളി ആരാധനയും, സണ്ടേസ്കൂളും. വി.മാമോദീസായിലൂടെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അംഗങ്ങളായിത്തീർന്ന കുഞ്ഞുങ്ങളെ ക്രിസ്തീയ ശിക്ഷണത്തിൽ പരിരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വവും നമ്മിലുണ്ട്. അതിനായുള്ള അന്വേഷണമാണിവിടെ.

**വസ്തുത :**

* മാതാപിതാക്കളുടെ ക്രമമല്ലാത്ത പള്ളി സന്ദർശനം, കുഞ്ഞുങ്ങളുടെ സൺഡേസ്കൂൾ സന്ദർശനം.
*ദൈവത്തേക്കാൾ അധികമായി പ്രാധാന്യം നൽകുന്ന ഭൗതീക ജീവിത ക്രമം.
* പഴി തീർക്കലിലൂടെ ആത്മ സംതൃപ്തിക്കുള്ള ശ്രമം.
* കോച്ചിംഗുകളുടെയും, ട്യൂഷന്റെയും അമിത സ്വാധീനം.
* ദൈവവചനത്തോടുള്ള നിഷേധഭാവം.
* കുഞ്ഞുങ്ങൾക്ക് ഇടമില്ലാത്ത അവസ്ഥാഭേദങ്ങൾ.
*വി. കുർബ്ബാനയിലെ കുഞ്ഞുങ്ങളുടെ അഭാവം, അന്യപ്പെടൽ

**ഫലം :**

* ദൈവത്തെ അറിയാത്ത ഒരു തലമുറ
* മാതാപിതാക്കളെ സ്നേഹിക്കുകയും കരുതുകയും ചെയ്യാത്ത മക്കൾ
* മൂല്യം നഷ്ടപ്പെട്ട ഒരു സമൂഹം

**പരിഹാരം**

* കുടുംബമായി ആരാധനയിൽ (വി. കുർബാന) സംബന്ധിക്കുക.
* കുഞ്ഞുങ്ങളുടെ സൺഡേസ്കൂൾ പഠനം നിർബന്ധമാക്കുക
* വിശുദ്ധ ദിനത്തെ ഗൗരവമായി സ്വീകരിക്കാൻ പഠിപ്പിക്കുക.
* കോച്ചിംഗുകളും, ട്യൂഷൻ പഠനവും ഞായറാഴ്ച വേണ്ടെന്നു വെയ്ക്കുക.

**2. സണ്ടേസ്കൂൾ അദ്ധ്യാപകർ :**

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് ദൈവീക വളർത്തൽ ശുശ്രൂഷയിലായിരിക്കുന്നവരാണല്ലോ സണ്ടേസ്കൂൾ അദ്ധ്യാപകർ. ഉത്തരവാദിത്വം ക്രിസ്തുവിനോട്. യാതൊരുവിധ പരാതികൾക്കും, പരിഭവങ്ങൾക്കും സ്ഥാനമില്ല. ഒരൊറ്റലക്ഷ്യം മാത്രം, ഞാൻ കണ്ട എന്റെ യേശുവിനെ എന്റെ കുഞ്ഞുങ്ങൾക്ക് കാണിച്ച് കൊടുക്കണം.

**വസ്തുത :**

* തിരക്കേറിയ ജീവിതത്തിലെ സമയമില്ലായ്മ.
* പാഠങ്ങൾ തയ്യാറാക്കാൻ സാധിക്കാത്ത ജീവിത സാഹചര്യങ്ങൾ.
* അദ്ധ്യാപനരീതിയിൽ മാറ്റം വരുത്തുന്നതിനുള്ള

പ്രയാസം.
* അദ്ധ്യാപക മീറ്റിംഗുകളിലും, ക്ലാസുകളിലുമുള്ള ഹാജർ ഇല്ലായ്മയും, നിസംഗതാ മനോഭാവവും.

**ഫലം :**
* കാലോചിതമായി പഠിപ്പിക്കുന്നതിൽ പരാജയം.
* പഠിപ്പിക്കലിന്റെ ആകർഷണതയില്ലായ്മ
* ദൈവവചനം കുഞ്ഞുങ്ങൾക്ക് ഗ്രഹിക്കുവാനുള്ള വിഷമം
* സണ്ടേസ്കൂളിനോടുള്ള താത്പര്യം നഷ്ടപ്പെടുന്നു.
* പഠനം പൂർത്തിയാക്കിയാലും കുഞ്ഞുങ്ങൾ യേശുവിനെഅനുകരിക്കുന്നവരാകുന്നില്ല.

**പരിഹാരം :**
* യേശുവിങ്കലേക്ക് വരിക.
* ദൈവത്തേയും, ദൈവവചനത്തെയും സ്നേഹിക്കുക.
* കുഞ്ഞുങ്ങളെ മനസ്സിലാക്കി പഠിപ്പിക്കുക.
* കൃത്യമായും, ചിട്ടയായും സമയമെടുത്ത് പാഠങ്ങൾ തയ്യാറാക്കുക.
* ദൈവമുമ്പാകെ കണക്കു ബോധിപ്പിക്കണം എന്ന ആത്മഭാരം.
* പഠിപ്പിക്കാൻ സ്വയം പര്യാപ്തത നേടാനുള്ള കഠിനപരിശ്രമം.
* കേന്ദ്ര, ഭദ്രാസന, സെന്റർ, ശാഖാ, തലങ്ങളിലെ പ്രവർത്തനങ്ങളിലുള്ള ആത്മാർത്ഥ പങ്കാളിത്വം.
* തിരുത്തേണ്ടതിനെതിരുത്തുവാനുള്ള ആത്മധൈര്യം.

**3. മാതാപിതാക്കൾ :**

ഓരോ കുടുംബത്തിലേയും പ്രധാനപ്പെട്ട വ്യക്തികളാണല്ലോ മാതാവും, പിതാവും. കുഞ്ഞുങ്ങളുടെ വ്യക്തിത്വം രൂപപ്പെടേണ്ടത് ഭവനങ്ങളിലാണ്. നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്ല ഒരു അച്ഛനും, അമ്മയുമായിരിക്കാൻ സാധിക്കുന്നത് തന്റെ കുഞ്ഞിന് 10-ാം ക്ലാസിൽ എല്ലാ വിഷയത്തിനും A+ കിട്ടുന്നതിനേക്കാൾ വലുതാണ് എന്ന് മാതാപിതാക്കൾ ഇനിയെങ്കിലും മനസ്സിലാക്കണം.

**വസ്തുത :**
* ക്രമമല്ലാത്ത ആത്മീക, ഭൗതീക ജീവിത രീതികൾ
* ദൈവവചനത്തിലുള്ള പരിജ്ഞാനക്കുറവ്
* ലോക ഇമ്പങ്ങളോടുള്ള അമിത സ്നേഹം.
* ഭൗതീക ലക്ഷ്യങ്ങൾ തേടിയുള്ള ഓട്ടം
* മക്കളോടു കൂടെയായിരിപ്പാൻ സമയമില്ലായ്മ
* ധനം നേടിത്തരുന്ന ലോകസുഖചിന്തകൾ
* മാദ്ധ്യമ സംസ്ക്കാരത്തോടുള്ള അമിതാവേശം.

**ഫലം :**
* തകരുന്ന കുടുംബബന്ധങ്ങൾ
* ലക്ഷ്യം നഷ്ടപ്പെടുന്ന തലമുറ
* തിന്മയെ രുചിക്കുന്ന കുഞ്ഞുമനസുകൾ
* അനാഥമാക്കപ്പെടുന്ന ബാല്യങ്ങൾ
* ഒറ്റപ്പെടുന്ന മാതാപിതാക്കൾ
* പരസ്പര ബന്ധവും, സ്നേഹവുമില്ലാത്ത ആളത്വങ്ങൾ.
* മനുഷ്യമൂല്യം ഇല്ലാത്ത സമൂഹം.

**പരിഹാരം :**
* നാം മറന്ന, നമ്മുടെ പൂർവ്വികരുടെ ദൈവത്തെ കണ്ടെത്തുക.
* എല്ലാറ്റിലും പ്രഥമ സ്ഥാനം ദൈവത്തിനു നൽകുക.
* യേശുക്രിസ്തുവിലുള്ള അടിസ്ഥാനത്തിൽ ഭവനം പണിയുക.
* യഹോവാ ഭക്തിയിൽ കുഞ്ഞുങ്ങളെ വളർത്തുക.
* പരിശുദ്ധാത്മ നിയന്ത്രണത്തിൽ ജീവിക്കുക, പ്രവർത്തിക്കുക.
* ഭാരമുള്ള ഹൃദയത്തോടെ മുട്ടിൻമേൽ നിന്ന് കണ്ണീരോടെ തലമുറയ്ക്കായ് പ്രാർത്ഥിക്കുക.

ഒരു മുറി പെൻസിൽ കളഞ്ഞിട്ട് വന്നാൽ വല്യപ്പച്ചന്റെ കൈയ്യിൽ നിന്ന് അടികിട്ടിയിരുന്ന കാലത്തിൽ നിന്ന് സ്വന്തം ജീവൻ തന്നെ നശിപ്പിച്ചാൽ ഒന്നും പറയുവാൻ സാധിക്കാത്ത ഒരു യുഗത്തിൽ നാം എത്തിയിരിക്കുന്നു. സ്നേഹത്തിന്റെ മഹത്വവും, പങ്കുവയ്ക്കലിന്റെ സന്തോഷവും ത്യാഗത്തിന്റെ ഫലവും കാരുണ്യത്തിന്റെ പ്രസക്തിക്കും ഇന്ന് സ്ഥാനമില്ല. കാപട്യവും, തന്ത്രവും ചൂഷണവും വഞ്ചനയും, അവിഹിത ബന്ധങ്ങളും ചങ്ങാതിമാരായിരിക്കുന്നു. ഇതിന്റെ മദ്ധ്യത്തിൽ വിളിച്ച് വേർതിരിക്കപ്പെട്ടിരിക്കുന്നു. നാം ഓരോരുത്തരും യേശുക്രിസ്തുവിൽ അടിസ്ഥാനമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കാൻ ഒരുമിക്കാം. നമുക്ക് ലഭിച്ച ദൈവീക മൂല്യങ്ങളും, അത്മീയ തീക്ഷ്ണതയും ഒരു വിശ്വാസ സമൂഹത്തിന്റെ പരിരക്ഷയ്ക്കായ് സമർപ്പിക്കാം ദൈവം നമ്മെ ശക്തീകരിക്കട്ടെ.



**ഹെർമ്മോൻ ദൂതന്റെ ആദരാഞ്ജലികൾ**

അടൂർ ഭദ്രാസനബിഷപ്പ്സ് സെക്രട്ടറിയും ഹെർമ്മോൻ ദൂതൻ മാനേജരുമായ റവ. സിബു പള്ളിച്ചിറയുടെ മാതാവ് പള്ളിച്ചിറ കുന്നിൽ **ശ്രീമതി കുഞ്ഞൂഞ്ഞമ്മ (64)** കർത്താവിൽ നിദ്ര പ്രാപിച്ചു.

# വചനത്തിൽ പൂത്തുലയേണ്ട ജീവനം

**റവ. ഷൈജു പി. ജോൺ**
ജനറൽ സെക്രട്ടറി, മാർത്തോമ്മാ യുവജനസഖ്യം



ഇന്നത്തെ കാലഘട്ടത്തിൽ അനശ്വരമായ സന്തോഷത്തെ തിരിച്ചറിയാനും ആർജ്ജിക്കാനും പ്രയാസമാണ്. സ്വതന്ത്രരാണ് എന്ന് ചിന്തിക്കുന്നവർ പോലും നീതിപൂർവ്വമല്ലാത്ത, തത്വദീക്ഷയില്ലാത്ത ചില ആദർശങ്ങളിൽപ്പെട്ട് മടങ്ങിപ്പോയവരുമാകാം. സ്വാതന്ത്ര്യം നമ്മെ യഥാർത്ഥത്തിൽ സ്വതന്ത്രരാക്കുക തന്നെ വേണം. മാത്രവുമല്ല; അന്ധകാരത്തിൽ ഉഴലുന്ന മനുഷ്യന് വെളിച്ചവുമാവണം. ഇത് എങ്ങനെസാധ്യമാകണമെന്ന് ക്രിസ്തു പറയുന്നുണ്ട്. എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹ. 8 : 31,32).

ജഡം ധരിക്കപ്പെട്ട വചനം, സത്യം, അതാണ് നമ്മെ സ്വതന്ത്രരാക്കുന്നതും നന്മയിലേക്ക് നടത്തുന്നതും. വചനം നിരന്തരം ധ്യാനിക്കാനാവണം. നമ്മെ പരിശുദ്ധാത്മാവിന് വിധേയരാക്കിക്കൊടുക്കുക. അപ്പോൾ നമ്മൾ മനസ്സിലാക്കുന്നു; മനുഷ്യന്റെ ചിന്തകൾ പോലെയല്ല ഉടയവന്റേത്. അപ്പോൾ പിന്നെ ചരിത്ര സംഭവങ്ങളെ ക്രിസ്തുവിന്റെ കണ്ണുകളിലൂടെയാണ് നാം നോക്കിക്കാണുക. വചനത്തിലൂടെ നമ്മൾ അനുഭവിക്കുന്ന ക്രിസ്തുവിന്റെ സ്നേഹ സാന്നിധ്യമാണ് ഭയത്തിന്റെ അന്ധകാരങ്ങളെ ദുരീകരിക്കുന്നത്. പ്രശ്നസങ്കീർണ്ണമായ നമ്മുടെ വഴികളെ തെളിച്ച് വെളിച്ചം പകരുന്നതു. വേദപുസ്തകാടിസ്ഥാനപരമായ അടിത്തറ ഉള്ളപ്പോൾ മാത്രമാണ് ഒരാൾക്ക് ജീവിതത്തെ ധൈര്യപൂർവ്വം നേരിടാനാവുക.

എബ്രായ ലേഖനകർത്താവ് വചനത്തെ ഒഴിച്ചുകൂടാനാവാത്ത ആയുധമായി സ്വീകരിക്കാനാവണം എന്ന് പഠിപ്പിക്കുന്നു (4:12). ഇത് പ്രയോജനപ്രദമാണ്. മാത്രവുമല്ല എപ്പോൾ നമ്മൾ വചനത്തെ ശ്രദ്ധിക്കാനും അനുസരിക്കാനും തുടങ്ങുന്നുവോ അപ്പോൾ കൃത്യമായും അതിന്റെ ഫലങ്ങൾ നമ്മൾ അനുഭവിച്ചു തുടങ്ങുന്നു. ദൈവശബ്ദത്തെ അബ്രഹാം ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ശലോമോനിലേക്കു വരുമ്പോഴാകട്ടെ; വചനത്തിനുള്ളിലെ വിവേകത്തെ തേടുന്ന അന്വേഷകനെയാണ് നാം കാണുക. നീ തിരഞ്ഞെടുത്തതും പെരുപ്പം നിമിത്തം എണ്ണവും കണക്കും ഇല്ലാത്തതുമായി വലിയോരു മഹാജാതിയായ നിന്റെ ജനത്തിന്റെമധ്യേ അടിയൻ ഇരിക്കുന്നു. ആകയാൽ ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിന് ന്യായപാലനം ചെയ്യുവാൻ വിവേകമുള്ളോരു ഹൃദയം എനിക്കു തരേണമേ. അതു കൂടാതെ ഈ വലിയ ജനത്തിന് ന്യായപാലനം ചെയ്യുവാൻ ആർക്കു കഴിയും (1 രാജ. 3:5–9). വചനത്തിൽ വേരൂന്നപ്പെട്ടു

കഴിഞ്ഞാൽ മാത്രമാണ് അതിനെശ്രദ്ധിക്കാനും, അനുസരിക്കാനും, അതിലുള്ള ജ്ഞാനത്തെ കണ്ടെത്താനും നമുക്കാവുക. അതുകൊണ്ട് വചനത്തിന്മേൽ പൊരുന്നയിരിക്കുവാൻ താത്പര്യപ്പെട്ടു കൊൾക.

വിശുദ്ധ യാക്കോബ് നമുക്ക് പറഞ്ഞുതരുന്നു വചനം കേൾക്കുന്നവർ മാത്രമാകാതെ അതിനെചെയ്യുന്നവരായിരിപ്പിൻ (1 : 22-25) എന്ന്. അങ്ങനെചെയ്യുന്നവരാണ് ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ ജീവിതത്തെ പണിചെയ്യുന്നവർ, ഉറപ്പിച്ചവർ. ക്രിസ്തുവിൽ ജീവിതത്തെ ക്രമീകരിക്കാനാവുക; വചനത്തെ പൂർണ്ണസന്തോഷത്തോടെ സ്വീകരിക്കാനാവുക; അതിനെപ്രവർത്തിപഥത്തിലാക്കാനാവുക. ഇതൊരു കർമ്മപരിപാടിയായി സ്വീകരിക്കാനാകണം. അപ്പോഴാണ് കാലഘട്ടത്തിന്റെ വെല്ലുവിളികളോട് ശരിയായി പ്രതികരിക്കാൻ നമുക്ക് കഴിയുക.

യൗവനത്തിൽ തന്നെ വചനാധിഷ്ഠിത ജീവിതത്തെ രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് കഴിയണം. (സഭാ. 12:1). അത്തരത്തിൽ വിശ്വാസ ജീവിതത്തെ രൂപപ്പെടുത്തിയ എത്രയോ പേരെ വചനം നമുക്ക് പരിചയപ്പെടുത്തി തരുന്നുണ്ട്. മോശെ, ജോസഫ്, ശമുവേൽ, ദാവീദ്, ദാനിയേൽ തുടങ്ങിയവർ ആസ്വാദ്യകരമെന്ന്, മൂല്യവത്ത് എന്നൊക്കെ നമ്മൾ ധരിച്ചു വച്ചിരിക്കുന്ന ചിലതിനുവേണ്ടിയൊക്കെ വചനത്തിന്റെയും വിശ്വാസത്തിന്റെയും പ്രേരണകളെ അവഗണിച്ചിട്ടുണ്ടെങ്കിൽ തിരിച്ചറിഞ്ഞ് മടങ്ങിവരേണ്ടതുണ്ട്.

എപ്പോഴും അങ്ങനെതന്നെയാണ്. പ്രാർത്ഥനയ്ക്കും ധ്യാനത്തിനും ചില ഒരുക്കങ്ങളുണ്ടാകണം. ത്യാഗത്തിന്റെ ചില കണികകളുണ്ടാകണം. അങ്ങനെഒരു ചിട്ടയോടെ, നിശ്ചയദാർഢ്യത്തോടെ ഹൃദയത്തിന്റെ നടുവിൽ വചനത്തെ സൂക്ഷിച്ചുവയ്ക്കാനാകണം. നമ്മുടെ വിശ്വാസത്തിൽ, സ്വഭാവത്തിൽ, ജീവിതരീതികളിൽ, താത്പര്യങ്ങളിൽ വചനത്തിന്റെ കയ്യൊപ്പുണ്ടാകട്ടെ. ഊർജ്ജസ്വലമായ യൗവനകാലത്തെ പുതുമയോടെ നിലനിർത്താനും ആഘോഷമാക്കിമാറ്റാനും യേശുക്രിസ്തു നമ്മെ സഹായിക്കട്ടെ.●

## കൂനൻ കുരിശുസത്യം - 1653

റോമാ ആധിപത്യത്തിൻകീഴെ മാർത്തോമ്മാ ക്രിസ്ത്യാനികൾ അസംതൃപ്തിരായിരുന്നു. പൗരസ്ത്യ പാരമ്പര്യമുള്ള മെത്രാന്മാരെ ആരെയെങ്കിലും ലഭിച്ച് നഷ്ടപ്പെട്ട സ്വാതന്ത്ര്യവും വിശ്വാസാചാരങ്ങളിലെ നിർമ്മലതയും വീണ്ടെടുക്കുവാൻ വേണ്ട ശ്രമം അവർ തുടർന്നുകൊണ്ടിരുന്നു. 1653 -ൽ ബാബിലോണിയൻ പാത്രീയർക്കീസ്, മാർ അഹത്തുള്ള എന്ന ഒരു മെത്രാനെ തന്റെ പ്രതിനിധിയായി ഇന്ത്യയിലേക്കയച്ചു. കൊച്ചിയിലെത്തുന്നതിനുമുമ്പായി പോർട്ടിഗീസുകാർ അദ്ദേഹത്തെ പിടിക്കുകയും കടലിൽ കെട്ടിത്താഴ്ത്തിയെന്നും, അതല്ല ഗോവയിൽ വച്ച് അതിദാരുണമായി വധിക്കുകയാണ് ചെയ്തത് എന്നും വാർത്ത പരന്നു. രോഷാകുലരായ സുറിയാനി ക്രിസ്ത്യാനികൾ 1653-ൽ മട്ടാഞ്ചേരി പള്ളിയിൽ സമ്മേളിച്ചു. റോമാ സഭയുമായി തങ്ങളും തങ്ങളുടെ സന്തതി പരമ്പരകളും ഇനിമേൽ യാതൊരു ബന്ധവും പുലർത്തുന്നതല്ലെന്നും, ജനങ്ങൾ എല്ലാം കുരിശിൽ തൊട്ട് അപ്രകാരം സത്യം ചെയ്യണമെന്നും തീരുമാനിച്ചു. അനേകായിരങ്ങൾ കുരിശിൽ തൊട്ട് സത്യം ചെയ്യുന്നത് ബുദ്ധിമുട്ടാകയാൽ കുരിശിന് ആലാത്ത് കെട്ടി അതിൽ പിടിച്ചുകൊണ്ടാണ് അവർ സത്യം ചെയ്തത്. സത്യം ചെയ്ത സമയം ആലാത്ത് കെട്ടി വലിച്ചപ്പോൾ കുരിശ് ഒരു വശത്തേക്ക് ചാഞ്ഞതുകൊണ്ടാണ് കൂനൻ കുരിശ് എന്ന പേരുണ്ടായത്. ഇതിനോടകം ഗീവർഗ്ഗീസ് അർക്കദിയാക്കോൻ മരിച്ചു പോയിരുന്നതിനാൽ തന്റെ പിൻഗാമിയായ തോമസ് അർക്കദിയാക്കാനെപന്ത്രണ്ടു പട്ടക്കാർ ചേർന്ന് മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് നേതൃത്വം നൽകുവാൻ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ മെത്രാനായി അവരോധിച്ചു. അങ്ങനെ നഷ്ടപ്പെട്ട ആഭ്യന്തര സ്വാതന്ത്ര്യം, വിശ്വാസാചാരങ്ങളിലെ നിർമ്മലത തുടങ്ങിയവ വീണ്ടെടുത്തു.



# ക്രിസ്തുവിനു രൂപപ്പെടാൻ നീ...

അവർ ബദ്ധപ്പെട്ടുചെന്ന് മറിയേയും യോസഫിനേയും പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. (ലൂക്കോസ് 2:16)

ജീവിതാനുഭവമാകേണ്ട ക്രിസ്താഗമനത്തിന്റെ നാൾവഴികളിലൂടെ സഞ്ചരിക്കുകയാണ് എലിക്കാട്ടൂർ സിയോൻ മാർത്തോമ്മാ ഇടവക വികാരി **റവ. ബ്രിജിത് ജോൺ കോശി.**

ആഗമനകാല ധ്യാനത്തിന്റെ ദിനരാത്രങ്ങളാണ് ഡിസംബർ മാസം. ഉണ്ണിയേശുവിന് പിറക്കാൻ ജീവിതത്തെ രൂപപ്പെടുത്തണമെന്ന ആഹ്വാനമാണ് ഓരോ ആഗമനകാലവും മുന്നോട്ടുവയ്ക്കുന്നത്. ആവർത്തിക്കപ്പെടുന്ന ആഹ്വാനങ്ങൾ എത്ര ജീവിതങ്ങളെ രൂപപ്പെടുത്തിയെന്ന ചോദ്യം ബാക്കി നിൽക്കുന്നു. പുത്തൻ ആശയങ്ങളെ കാത്തിരിക്കുന്നവരാണ് ഒരു കൂട്ടർ. എങ്കിലും എല്ലാ ആഗമനകാലവും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ മുൻപോട്ടുവയ്ക്കുന്ന ധ്യാനം നിന്റെ ജീവിതത്തെ ക്രിസ്തുവിനു രൂപപ്പെടുവാനായി പാകപ്പെടുത്തുക എന്നതാണ്. ഈ ധ്യാനവും മറിച്ചൊന്നല്ല പറഞ്ഞു വയ്ക്കുന്നത്.

ജീവിതത്തിന്റെ പച്ചപ്പുതേടി ക്ഷീണിച്ചുറങ്ങിയ ആട്ടിടയർക്ക് വെളിപ്പെട്ടുകിട്ടിയ ദൃശ്യവിസ്മയത്തിൽ നമ്മുടെ കണ്ണുകളുടക്കട്ടെ. ആ കാഴ്ചയാണു നമ്മുടെ ധ്യാനവിഷയം. മറിയയും ജോസഫും പശുത്തൊഴുത്തും-ആട്ടിയർ കിസ്തുവിനെ കണ്ടത് ഈ ചുറ്റുപാടിലാണ്. 'ദി എവർലാസ്റ്റിംഗ് മാൻ' എന്ന ജി.കെ. ചെസ്റ്റേർട്ടന്റെ സുപ്രസിദ്ധമായ ഗ്രന്ഥത്തിൽ അദ്ദേഹം കുറിക്കുന്നു; ദൈവം ക്രിസ്തുവിൽ മനുഷ്യചരിത്രത്തിലേക്ക് ഇറങ്ങി വന്നു. അന്ന് ആട്ടിടയർ കണ്ടെത്തിയ ആ സ്ഥലം ഒരക്കാദമിയല്ല, അമൂർത്തമായ റിപ്പബ്ലിക്കുമല്ല. ലാക്ഷണികമായി വ്യാഖ്യാനിക്കപ്പെട്ട മിത്തുകളുമല്ല അവർ കണ്ടത്. മറിച്ച് സ്വപ്നങ്ങൾ സത്യമായി തീർന്നസ്ഥലമാണ്. ഉള്ളിൽ ക്രിസ്തു ജനിക്കുന്നത് ഒരു സ്വപ്നമായി കൊണ്ടു നടക്കുന്നവർ അത് യാഥാർത്ഥ്യമാക്കുവാൻ ഈ കാഴ്ചയെ അല്പം ധ്യാനിക്കുക.

**മറിയ-ദൈവഹിതത്തിനു കീഴ്പ്പെട്ട സമർപ്പണം**

നസറേത്തിന്റെ അറിയപ്പെടാത്ത ഇടങ്ങളിലെവിടെയോ വിവാഹസ്വപ്നങ്ങളുമായി ഒതുങ്ങി കഴിഞ്ഞിരുന്ന മറിയ എന്ന സാധു പെൺകുട്ടിയെ ലോകരക്ഷകനായ ക്രിസ്തുവിനു രൂപപ്പെടാൻ തെരഞ്ഞെടുത്തതിനുപിന്നിലെ രഹസ്യം മറിയയുടെ ആത്മസമർപ്പണവും താഴ്മയുമാകണം. ദൈവ ദൂതനിലൂടെ വെളിപ്പെട്ടുകിട്ടിയ ദൈവഹിതത്തിന് സ്വയം ശിരസുനമിക്കുമ്പോൾ അതിന്റെ വെല്ലുവിളികളെല്ലാം അറിഞ്ഞുകൊണ്ടാവണം. ഈ ആത്മസമർപ്പണം വഴി നഷ്ടപ്പെടുന്നത് തന്റെ സ്വപ്നങ്ങളാണ്, തന്റെ ജീവിതമാണ്, തന്റെ ജീവനാണ്. ജോസഫ് എന്ന പ്രതിശ്രുതവരൻ തന്നെ ഉപേക്ഷിക്കുകവഴി തന്റെ കുടുംബജീവിതവും സ്വപ്നങ്ങളും തകരാം. കന്യകയായൊരാൾ ഗർഭവതിയായാൽ കല്ലെറിഞ്ഞുകൊല്ലാൻ മോശയുടെ ന്യായപ്രമാണം അനുശാസിക്കുന്ന സാമൂഹികഇടങ്ങളിൽ മറിയ തന്റെ ജീവിതത്തെ മരണത്തിലേക്കോ കൂർത്ത കല്ലുകളിലേക്കോ വലിച്ചെറിയുകയായിരുന്നു.

ജീവിതത്തിൽ സംഭവിക്കുന്നതൊന്നും യാദൃശ്ചികമല്ലെന്നും അവയ്ക്കെല്ലാം പിറകിൽ ദൈവകരങ്ങൾ ദർശിക്കാനാവുമെന്നും തിരിച്ചറിയുമ്പോൾ മറിയം ദാസ്യഭാവത്തിൽ തലകുനിയ്ക്കുകയാണ്.

നാരികയ്യാൽ ഫലം തിന്നു നരൻമാർക്കു
വന്നശാപം നാരിയാം മേ നിമിത്തം
ഒളിച്ചല്ലോ നീ പുത്രാ

എന്നൊരു കാവ്യശകലം ഉണ്ട്. ദൈവഹിതത്തോട് മറുതലിച്ച ആദിമാതാവ് വഴി മനുഷ്യചരിത്രത്തിൽ പാപവും മരണവും കയറിപ്പറ്റിയെങ്കിൽ ദൈവഹിതത്തിന് സ്തോത്രമാലപിക്കുക വഴി മാനുഷ്യകുലത്തിനേറ്റ പാപത്തിന്റെ പരിഹാരത്തിനു വഴിതുറക്കുകയാണ് മറിയ.

ഈ ആഗമനകാലം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത് ഈ ആത്മസമർപ്പണമാണ്. ദൈവഹിതത്തിനുമുന്നിൽ ഇതാ കർത്താവിന്റെ ദാസൻ/ദാസി, എന്നുള്ള പൂർണ്ണ വിധേയത്വം എല്ലാ വെല്ലുവിളികളോടും കൂടി തന്നെ.

**യോസഫ്: നീതിയുടെ ജീവിതക്രമം**

യോസഫിനെ വേദപുസ്തകം പരിചയപ്പെടുത്തുന്നത് മറിയയ്ക്കുവേണ്ടി വിവാഹ നിശ്ചയം ചെയ്തിരിക്കുന്ന വ്യക്തി എന്ന നിലയ്ക്കാണ്. പക്ഷേ തനിയ്ക്കായി നിശ്ചയിച്ചിരുന്ന സ്ത്രീ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ ഏതൊരു യഹൂദപുരുഷനെയും പോലെ ജോസഫിനും ചിന്തിക്കാമായിരുന്നു. ഒരു യുവതിയിൽ കന്യാകാത്വത്തിന്റെ അടയാളം കണ്ടില്ലെങ്കിൽ അവർ ആ യുവതിയെ അവളുടെ പിതൃഭവനത്തിന്റെ വാതിൽക്കൽ കൊണ്ടുപോകുകയും അവളുടെ നഗരത്തിലെ പുരുഷൻമാർ അവളെ കല്ലെറിഞ്ഞു കൊല്ലുകയും വേണം എന്നതാണ് യഹൂദനിയമം, എന്നിരിക്കെ മറിയയെ മരണത്തിനു വിട്ടുകൊടുക്കാതിരിക്കാനുള്ള തീരുമാനം തന്നെ ജോസഫിന്റെ സ്വഭാവവൈശിഷ്യത്തിന്റെ നിദർശനമാണ്. വേദപുസ്തകം ജോസഫിനു നൽകുന്ന വിശേഷണം തന്നെ നീതിമാൻ എന്നാണ്. നിശബ്ദനായ നീതിമാൻ എന്ന വിശേഷണം ജോസഫിനു അനുയോജ്യം തന്നെയാണ്. യേശുവിന്റെ ജനനബാല്യകാല വിവരണങ്ങളിൽ ഒരിടത്തുപോലും ജോസഫ് സംസാരിക്കുന്നതായോ പ്രതികരിക്കുന്നതായോ പറഞ്ഞിട്ടില്ല. 'കീപ് ദി റൂൾ ആന്റ് റൂൾ വിൽ കീപ് യൂ' എന്നു വിശ്വസിച്ചിരുന്ന ഒരു നിശബ്ദനീതിമാൻ.

യഹൂദൻമാർ പരസംഗത്തിൽ പിടിച്ചു കൊണ്ടുവന്ന സ്ത്രീയെ യാതൊരു ശിക്ഷയ്ക്കും വിട്ടുകൊടുക്കാതെ പാപമോചനം നൽകി വിടുന്ന ക്രിസ്തു, മറിയയോട് നീതിയായി വർത്തിച്ച യോസഫിനെ ഓർമ്മപ്പെടുത്തുന്നതായി ഒരു ചിന്തയുണ്ട്. അനീതിയും സ്വാർത്ഥതയും നിറഞ്ഞ സാമൂഹ്യ ഇടങ്ങളിൽ ഈ ആഗമനകാലചിന്ത നമ്മുടെ നീതി ആവശ്യപ്പെടുന്നു. അപരനെ മരണത്തിന്റെ കരങ്ങളിലേക്ക് വലിച്ചെറിയാതെ ജീവിതത്തിലേയ്ക്ക് വഴിപിടിച്ചു നടത്തുന്ന നീതിയുടെ കാവലാളുകളാകാനുള്ള മനസ്സൊരുക്കത്തിന് ഈ ആഗമനകാലത്തെ ധ്യാനങ്ങൾ ഇടയാകണം.

**പശുത്തൊഴുത്ത് - അതിരുകളില്ലാത്ത, ഒരുക്കപ്പെട്ട ഹൃദയം**

ക്രിസ്തുമസിന്റെ അടയാളങ്ങളിൽ പ്രബലമായി പശുത്തൊഴുത്ത് വന്നത് സത്രത്തിൽ ഇടം നിഷേധിക്കപ്പെട്ട് യേശുകുഞ്ഞിനെപശുത്തൊഴുത്തിൽ കിടത്തേണ്ടി വന്നതുകൊണ്ടാണ്. സത്രവും കാലിത്തൊഴുത്തും ഇന്നിന്റെ രണ്ട് പ്രതീകങ്ങളാണ് അലങ്കാരങ്ങളും ആഘോഷങ്ങളും ആചാരങ്ങളും കൊണ്ട് നിറയ്ക്കപ്പെട്ടതിനാൽ യേശുവിനു ജനിക്കാൻ ഇടമില്ലാതെപോയ അടയ്ക്കപ്പെട്ട സത്രംപോലെ നില്കൊള്ളുന്ന മനുഷ്യ ഹൃദയങ്ങൾ ഒരുവശത്ത്. ആഘോഷങ്ങളുടെ ആളനക്കമോ പരാതികളുടെ പാതിരാവുകളോ ഇല്ലാതെ ഇല്ലായ്മയുടെ നടുവിലും സദാ തുറന്നിട്ട വാതിലുമായി കാലിത്തൊഴുത്തുപോലെ ഓർമ്മിക്കപ്പെടാൻ ഇഷ്ടമില്ലാത്തതായാലും, ഓർക്കുക ജനിക്കാൻ ഇടം തേടുന്ന രക്ഷകൻ നിന്റെ മുൻപിലുണ്ട്-നിന്റെ ഹൃദയം ഒരു പുൽക്കൂടുകണക്കെ രൂപപ്പെടുന്നതും കാത്ത്. യേശു ഏത് മനുഷ്യന്റെയും ജീവിതത്തിൽ ജന്മമെടുക്കാൻ ആഗ്രഹിക്കുന്നവനാണെന്ന വെളിപ്പെടുത്തൽ ജീവിതത്തിൽ പകരുന്നത് കെട്ടുപോകാത്ത പ്രതീക്ഷയാണ്. വിരിച്ചൊരുക്കി വിരുന്നുകാർക്കുവേണ്ടി കാത്തിരിക്കാൻ വിധിക്കപ്പെട്ട സത്രവാതിലുകൾ അടയ്ക്കപ്പെട്ടപ്പോൾ, നന്മയുടെ സാന്നിദ്ധ്യത്തെ തൊഴുത്തിലേക്ക് പറഞ്ഞുവിട്ടപ്പോൾ അവിടം അവിസ്മരണീയമായിത്തീരുന്നു.

നമ്മുടെ ജീവിതങ്ങൾ ഒരു പശുത്തൊഴുത്തുകണക്കെ മുഖ്യധാരയിൽ നിന്നും ഒഴിവാക്കപ്പെട്ടതാകാം. പക്ഷേ നാഥനുവേണ്ടി ആ ഇടത്തെ വിട്ടുകൊടുത്താൽ സർവ്വലോകത്തിന്റെയും ശ്രദ്ധ ആ ഇടത്തിലേയ്ക്ക് ഒഴുകിയെത്തും എന്ന സത്യം ക്രിസ്തുവും കാലിത്തൊഴുത്തും നമുക്കു നൽകുന്നുണ്ട്. വിട്ടുകൊടുക്കാനുള്ള മനസുണ്ടാകണം എന്നുമാത്രം.

അതിരുകളോ മതിലുകളോ ഇല്ല എന്നതാണ് പശുത്തൊഴുത്തിന്റെ സവിശേഷത. അവിടെ ആർക്കും ഇടം നിഷേധിക്കുന്നില്ല. ക്രിസ്തുവിന്റെ ജനനം കൊട്ടാരത്തിലായിരുന്നെങ്കിൽ വിദ്വാൻമാർക്ക് അവനെ ദർശിക്കാനാ

യേനെ, പക്ഷേ ആട്ടിയർക്ക് അവൻ അപ്രാപ്യനാകും. കാലിത്തൊഴുത്തിലോ-മനസുണ്ടെങ്കിൽ ആർക്കുമവൻ പ്രാപ്യൻ. എന്തിന്റെയെല്ലാം പേരിലാണിന്ന് അതിരുകൾ. അതിരുകൾ ഉല്ലംഘിപ്പെടണം വേർപാടിന്റെ നടുച്ചുവർതകരണം ആർക്കും പ്രവേശിച്ച് ദൈവസാന്നിദ്ധ്യത്തെ തിരിച്ചറിയത്തക്കവിധം ജീവിതം ഒരു കാലിത്തൊഴുത്തു കണക്കെ രൂപപ്പെടണം.

ഈ ആഗമനകാലം അവസാനിക്കുന്നതിനുമുമ്പ് നമ്മുടെ ശിരസ്സുകൾ കുനിയണം അപമാനഭാരത്താലല്ല താഴ്മയുടെയും ആത്മസമർപ്പണത്തിന്റെയും പ്രതീകമായി, മറിയയെപ്പോലെ നമ്മുടെ കരങ്ങളെ ശക്തിപ്പെടുത്തണം. നീതിയുടെ കാവലാളുകളാകാൻ ജോസഫിനെപ്പോലെ ഹൃദയമൊരു പുൽകൂടാക്കണം. യേശുവിനു കിടക്കാൻ സകല ജാതികളും ദർശിക്കാൻ ഒറ്റവാക്കിൽ നിന്റെ ജീവിതത്തെ നീ രൂപാന്തപ്പെടുത്തുക; ക്രിസ്തുവിനു രൂപപ്പെടാൻ....

# പ്രശ്നോത്തരി ?!

## കഴിഞ്ഞ ലക്കത്തിലെ വിജയി

**ബിജിൻ ജോർജ്ജ് വിൽസൻ ഗുരുകുലം , അടൂർ**

### കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ ?

1. എഴുന്നേറ്റുള്ള പ്രാർത്ഥന
2. കുറഞ്ഞ പക്ഷം രണ്ട് സാക്ഷികൾ വേണം
3. 1956
4. ഉയർത്തപ്പെട്ട പിത്തള സർപ്പം, അഹരോന്റെ തളിർത്ത വടി
5. യോർദ്ദാന് കിഴക്ക് ഗിലെയാദിലെ തിശ്ബ്യ
6. അംബേദ്ക്കർ
7. മാർ ഇവാനിയോസ്
8. മലയാള ഭാഷയിൽ താളിയോലയിൽ എഴുതപ്പെട്ട ആദ്യചരിത്ര ഗ്രന്ഥമാണ് പുരാതനമായ നിരണം പാട്ടുകൾ അടങ്ങിയ നിരണം ഗ്രന്ഥവരി.
9. സാഫാത്ത്
10. 1708ൽ കേരളത്തിൽ വന്ന നെസ്തോറിയൻ മെത്രാൻ.

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരം ലഭിക്കേണ്ട അവസാനതീയതി 2012 നവംബർ 30**

### ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. ക്രിസ്മസിനോടനുബന്ധിച്ച് വരുന്ന നോമ്പ് ഏതാണ്?
2. അഞ്ചാം മാർത്തോമാ സ്ഥാനമേൽക്കുമ്പോൾ വേണാടിന്റെ ഭരണാധികാരി ആരായിരുന്നു?
3. മോറാനായ പെരുനാളുകൾ എന്നാൽ എന്താണ്?
4. ഉയിർപ്പ് ഞായർ കണക്കാക്കുന്നത് എങ്ങനെയാണ്?
5. യേശുവിന്റെ എത്രാമത്തെ വയസ്സിലാണ് മാതാപിതാക്കൾക്കൊപ്പം യരുശലേം ദൈവാലയത്തിൽ പോയത്?
6. ഭദ്രാസനകൺവൻഷൻ ക്രമീകരിച്ചിരിക്കുന്നത് ഏതു മാസമാണ്?
7. സന്തോഷത്തിന്റെ രഹസ്യം എന്താണ്?
8. ഭയത്തിന്റെ മൂല കാരണമെന്ത് ?
9. ദൈവത്തെ തികഞ്ഞ ജ്ഞാനമായി അവതരിപ്പിച്ചത് ആരാണ്?
10. എഴുപത് ശതമാനം കൂടുംബങ്ങളെ ഹെർമ്മോൻ ദൂതൻ വരിക്കാരാക്കുന്ന ഇടവകക്കു ലഭിക്കുന്ന പദവി എന്താണ്?

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിയ്ക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി. ശരിയുത്തരം അയക്കുന്നവരിൽ നിന്നും നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. വിജയിക്കുള്ള സമ്മാനം ഭദ്രാസനകൺവൻഷനോടു ചേർന്ന് നൽകപ്പെടുന്നതാണ്. തുടർന്നും ഏവരുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**എഡിറ്റർ**



# കൗമാരം
## വ്യത്യസ്തതയുടെ കാലം

**റവ. ഡോ. ഡാനിയേൽ മാമ്മൻ**
ക്ലിനിക്കൽ & ഫാമിലി കൗൺസിലർ

**ഇലകൾ കൂമ്പിപ്പോയ ഒരു ചെടിയെ ശ്രദ്ധിച്ചിട്ടുണ്ടോ? നനച്ച് അൽപ്പം പരിരക്ഷ നൽകി നോക്കൂ. എത്രവേഗത്തിലാണ് അത് തഴച്ചുവളരുക. അതുപോലെയായിരിക്കും പരിചരിക്കാനറിയാവുന്ന മുതിർന്നവരോട് ഇളംമനസ്സുകളും പ്രതികരിക്കുന്നത്.**

**കൗ**മാരദശയിലെ വളർച്ചയുടെ പടവുകൾ അറിഞ്ഞിരുന്നാൽ കുട്ടിയ്ക്കും മാതാപിതാക്കൾക്കും ആശങ്കകൾ കുറേയൊക്കെ ഒഴിവാക്കാൻ കഴിയും, കുട്ടി മൂഡ് ഔട്ട് ആയിരിക്കുന്നതു കാണുമ്പോൾ, 'ഇങ്ങനെ ഒരു അപ്പനെയും അമ്മയെയും വേറേ ആർക്കും കിട്ടിയിട്ടില്ല.' എന്നലറുമ്പോൾ, 'എന്റെ കുട്ടി സംസാരമര്യാദകളൊക്കെ മറന്നുപോയല്ലോ' എന്നു നൊമ്പരം തോന്നുമ്പോൾ, പൊതുവേദികളിലും മറ്റും നിങ്ങളെ അവഗണിക്കുമ്പോൾ, നിങ്ങളുടെ അഭിരുചികളെയും താൽപര്യങ്ങളേയും നിരന്തരം കുറ്റപ്പെടുത്തുമ്പോൾ, വീട്ടിലിരിക്കുന്നതിൽ കൂടുതൽ സമയം കൂട്ടുകാരോടൊപ്പം ചിലവഴിക്കുമ്പോൾ ഒക്കെ സ്വയം ഓർമ്മിപ്പിക്കുക-ഇതൊക്കെ ഈ പ്രായത്തിന്റെ പ്രകൃതങ്ങളാണ്. വൈകാതെ ഇവ കടന്നുപോകും.

നിങ്ങൾ ഒരുപാട് വിശേഷങ്ങൾ ചോദിച്ചിട്ടും കുട്ടി ഒന്നും മിണ്ടാൻ കൂട്ടാക്കുന്നില്ലെങ്കിൽ തളർന്നുപോകരുത്. അത് സ്വാഭാവികമാണ്. സ്കൂളിൽ ഇന്ന് എന്താ വിശേഷം എന്ന് ചോദിക്കുമ്പോൾ 'വിശേഷിച്ചൊന്നുമില്ല, എന്നെ ഒന്നു വെറുതേ വിട്ടുകൂടെ?' എന്ന മറുചോദ്യമാണ് വരുന്നതെങ്കിൽ സ്വയം സമാധാനിക്കുക. 'ഇത് എന്റെ കുഴപ്പമല്ല, അവന്റെ/അവളുടെ പ്രായത്തിന്റെ കുഴപ്പമാണ്'. ആത്മവിമർശനങ്ങളും കൂട്ടുകാരുമായുള്ള അഭിപ്രായവ്യത്യാസങ്ങളും സ്കൂളിലേയും കൂട്ടുകാർക്കിടയിലെയും മറ്റു സമ്മർദ്ദങ്ങളും അവരെ വല്ലാതെ അലട്ടുന്ന കാലമാണിത്.

കുട്ടിയിലെ പെരുമാറ്റവൈകല്യങ്ങൾ നിങ്ങളെ വിഷമിപ്പിക്കുമ്പോൾ ഓർക്കുക: 'നാളെ അവൻ/ അവൾ മറ്റൊരാളായിരിക്കും; മറ്റൊരുവിധത്തിലായിരിക്കും പെരുമാറുക. ഈ പെരുമാറ്റങ്ങളൊന്നും നിങ്ങളുടെ സംസാരത്തിന്റെയോ പ്രവൃത്തിയുടെയോ കുഴപ്പംകൊണ്ടല്ല; കുട്ടിയുടെ പ്രായത്തിന്റെ വിശേഷംകൊണ്ടാണ്.

കുട്ടിയുടെ പെരുമാറ്റം നിങ്ങളെ എങ്ങനെ ബാധിക്കുന്നു. അതിനോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു എന്നൊക്കെയുള്ള കാര്യങ്ങൾ പ്രധാനമാണ്. കുട്ടിയുടെ പെരുമാറ്റം നിങ്ങളുടെ നിയന്ത്രണത്തിലല്ല, പക്ഷേ നിങ്ങളുടെ പെരുമാറ്റം നിങ്ങളുടെ നിയന്ത്രണത്തിൽ തന്നെ ആകണം. സ്വയം കരുത്തരായി പരിപാലിച്ചെങ്കിൽമാത്രമേ ഉത്തരവാദിത്തവും കരുത്തുമുള്ള രക്ഷിതാക്കളായി മക്കൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ കഴിയൂ. നിരവധി വെല്ലുവിളികളുടെയും ആശങ്കകളുടെയും ഈ പ്രായത്തിൽ അവർക്ക് അത് അത്യാവശ്യമാണുതാനും. അങ്ങനെയൊന്നുമല്ലെന്നമട്ടിലായിരിക്കും അവരുടെ പെരുമാറ്റം. ഈ പെരുമാറ്റ വൈരുദ്ധ്യങ്ങൾക്കിടയിൽ സമചിത്തത പുലർത്താൻ കഴിയുന്നതിനുള്ള അതിനുള്ള ചില മാർഗ്ഗങ്ങളാണ് താഴെ പറയുന്നത്.

**സമചിത്തതയ്ക്കുള്ള പോംവഴികൾ**

1. പോഷകസമൃദ്ധിയുള്ള നല്ല ഭക്ഷണം കഴിക്കുക. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. വിശ്രമവും വ്യായാമവും വേണ്ടത്ര ഉണ്ടാകുവാൻ ശ്രദ്ധിക്കുക.
2. വീട്ടു ചുമതലകൾ പങ്കാളിയെ ഏൽപ്പിച്ച് ഇടയ്ക്ക് വീട്ടിൽ നിന്ന് ഒന്നുമാറി നിൽക്കുക. തുടർച്ചയായി ഒരേ ജീവിതക്രമം മനസ്സിനെ തളർത്തും. ഇടയക്കൊക്കെ ദമ്പതികൾ ഒരുമി

ച്ചോ, മറ്റു കൂട്ടുകാരോട് ചേർന്നോ ഒക്കെ ചെറിയ യാത്രകൾ നടത്തുക.

3. അടുത്ത ബന്ധുക്കളോടും കൂട്ടുകാരോടും നിങ്ങളുടെയും കുട്ടിയുടെയും പ്രശ്നങ്ങൾ പങ്കുവെയ്ക്കുക. പ്രതീക്ഷിക്കുന്നതിലും ലളിതമായ ചില പൊതുവിദ്യകളോ പരിഹാരങ്ങളോ നിർദ്ദേശിക്കാൻ അവർക്കു കഴിഞ്ഞേയ്ക്കും. പെട്ടെന്ന് പരിഹാരം ഒന്നും കിട്ടിയില്ലെങ്കിൽതന്നെ മനസ്സിൽ കെട്ടിക്കിടക്കുന്നതൊക്കെ തുറന്ന് ഒഴുക്കി കളയുന്നതിന്റെ സമാധാനം ഒന്നുവേറെതന്നെയാണ്. ദുരഭിമാനം കൂടാതെ മനസ്സുതുറക്കാൻ പറ്റിയ അടുപ്പമുള്ള കുറച്ചുപേരെങ്കിലും വേണം ബന്ധുക്കളുടെയും കൂട്ടുകാരുടെയും ഇടയിൽ.

4. വേണമെങ്കിൽ നല്ലൊരു കൗൺസിലറെ കാണുക. ആത്മീയാചാര്യനോ മനശാസ്ത്ര പണ്ഡിതനോ ചികിത്സകനോ ആരുമാകാം. (മനോരോഗികൾക്കുള്ള ചികിത്സയാണ് കൗൺസലിംഗ് എന്ന മട്ടിലുള്ള തെറ്റിദ്ധാരണകളൊന്നും വേണ്ട. ബന്ധുക്കളോടും സുഹൃത്തുക്കളോടും മനസ്സു തുറക്കുന്നതിന്റെ മറ്റൊരു രൂപമായി, അടുത്ത പടിയായി ഒക്കെയേ ഇതിനെകാണേണ്ടതുള്ളൂ. അവരെക്കാൾ ശാസ്ത്രീയമായി ഈ വിഷയം പഠിച്ചയാളാകും അദ്ദേഹം, കുടുംബക്കാർക്കിടയിൽ നിങ്ങളുടെ പ്രശ്നങ്ങൾ ചർച്ചാവിഷയമാവുകയില്ല എന്നീ സൗകര്യങ്ങളുമുണ്ട്.

5. ധാരാളം ചിരിക്കുക, മനസ്സു തുറന്ന്. ചിരി എന്തിനും പോന്ന നല്ലൊരു ഔഷധമാണ്.

6. മനസ്സിനു കരുത്തും മാർഗദർശനവും നൽകാൻ കഴിയുന്ന നല്ല പുസ്തകങ്ങൾ വായിക്കുക.

7. ജീവിതശൈലിയിലും മറ്റും വേണ്ട മാറ്റങ്ങൾ വരുത്തുക. കഴിയുന്നതും ലാളിത്യം ശീലമാക്കുക.

8. സ്വയം കൂടുതൽ നന്നായി അറിയുക. നിങ്ങളുടെ ശക്തിദൗർബല്യങ്ങൾ അറിയുക. നിങ്ങളെ അക്ഷമരാക്കുന്നതും ദേഷ്യം പിടിപ്പിക്കുന്നതും എന്തൊക്കെയാണെന്നു ചിന്തിച്ചുനോക്കുക, നിങ്ങളുടെ പെരുമാറ്റരീതികളും സംഭാഷണശൈലികളും അവലോകനം ചെയ്യുക. സംഘർഷങ്ങളെ കൈകാര്യം ചെയ്യുന്ന രീതി, സ്നേഹവും വാൽസല്യവും പ്രകടിപ്പിക്കുന്ന രീതി, മനസ്സിന്റെ നൊമ്പരങ്ങളോടു പ്രതികരിക്കുന്ന രീതി ഒക്കെ ആലോചിച്ചു മനസ്സിലാക്കുക.

## പങ്കാളിക്കും പങ്കാളിത്തം

ഒറ്റ ദിവസം കൊണ്ട് നല്ല മാതാപിതാക്കളാകാൻ കഴിയുകയില്ല. അത് ചെറുപ്പം മുതലേയുള്ള വളർച്ചയുടെ തുടർച്ചയാണ്. വിവാഹത്തിനൊരുങ്ങുമ്പോൾ മുതൽ അച്ഛനും അമ്മയും ആകാനും കൂടുതൽ ബോധപൂർവമായ ഒരുക്കം വേണം.

ദമ്പതികൾ രണ്ടുപേരും ഒത്തുചേർന്നു പരിശ്രമിച്ചാലേ മക്കൾക്കു മാതാപിതാക്കളെ കിട്ടൂ. ഭാര്യയോടോ ഭർത്താവിനോടോ ഉള്ള ദേഷ്യവും മറ്റും മക്കളോടുള്ള പെരുമാറ്റത്തിലും പ്രതിഫലിക്കുന്നത് സ്വാഭാവികമാണ്; പക്ഷേ ഒട്ടും ആശാസ്യമല്ല. അതു നിയന്ത്രിക്കാൻ നാം ശീലിക്കണം.

മക്കളെ വളർത്തുന്നതു സംബന്ധിച്ച് അപ്പനും അമ്മയും തമ്മിൽ ആശയപ്പൊരുത്തവും നിലപാടുകളിൽ സ്ഥിരതയും വേണം. ഒരാൾ കർക്കശമൂല്യങ്ങളും നിലപാടുകളും ഉള്ളയാളും മറ്റെയാൾ തീരെ അയഞ്ഞ പ്രകൃതവുമാണെങ്കിൽ മക്കൾ അതു വല്ലാതെ മുതലെടുക്കും. മാത്രവുമല്ല കർക്കശത പുലർത്തുന്നയാളെ വെറുക്കുവാനും തുടങ്ങും. മാതാപിതാക്കൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ മുതലെടുക്കുവാൻ കുട്ടികൾക്ക് പ്രത്യേക വൈദഗ്ദ്ധ്യം തന്നെയുണ്ട്. അതുകൊണ്ടുതന്നെ ദമ്പതികൾ ചേർന്ന് അഭിപ്രായരൂപീകരണം നടത്തുകയും അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങൾ സ്വകാര്യമായി ചർച്ച ചെയ്തു തീർപ്പിലെത്തുകയും വേണം. കുട്ടികളുടെ നല്ലഭാവി ആയിരിക്കണം ചർച്ചയുടെ കാതൽ. ശരിതെറ്റുകൾ സംബന്ധിച്ച് നിങ്ങളുടെ സങ്കൽപ്പങ്ങളോ സമൂഹത്തിൽ കപടമാന്യത പുലർത്താൻ വേണ്ട നിയന്ത്രണങ്ങളോ ആകരുത്.

## കൊതിക്കെറുവ് പാടില്ല; അത് കുട്ടികളുടെ പ്രകൃതമാണ്.

കൗമാരമെത്തിയ മക്കൾ അതിന്റെ വൈചിത്ര്യങ്ങൾ കാട്ടിത്തുടങ്ങുകയും മാതാപിതാക്കളിൽ നിന്ന് അകൽച്ച പാലിക്കുകയും ചെയ്യുമ്പോൾ ചില മാതാപിതാക്കളും അതേ നാണയത്തിലാണ് പ്രതികരിക്കുക. 'അവനെന്നോടു മിണ്ടാൻ മനസ്സില്ലെങ്കിൽ അവനോടു ഞാനും മിണ്ടുന്നില്ല'. 'മുഴുവൻ നേരവും അവളിങ്ങനെ വിഷാദിച്ചിരിപ്പാണെങ്കിൽ പിന്നെ ഞാനെന്തു ചെയ്യാനാ, തന്നത്താൻ വിഷാദിച്ചുതീർക്കട്ടെ', 'ഇങ്ങനെ തലതിരിഞ്ഞ പെരുമാറ്റമാണ് അവൻ കാട്ടുന്നതെങ്കിൽ ഞാൻ അവനെതീരെ ഗൗനി

ക്കാൻ പോകുന്നില്ല' എന്നൊക്കെയുള്ള മട്ടിലായിരിക്കും അവരുടെ പെരുമാറ്റങ്ങൾ.

കുട്ടിക്ക് ഉപദേശവും മാർഗനിർദ്ദേശവും ഏറ്റവും കൂടുതൽ ആവശ്യമുള്ള സമയത്ത് ഇങ്ങനെഒളിച്ചോടുന്നത് അവരോടു ചെയ്യുന്ന ഏറ്റവും വലിയ ചതിയാണ്. ഉപദേശനിർദ്ദേശങ്ങളോടു പുറമേ ശത്രുതാപരമായി പ്രതികരിക്കുമ്പോൾപോലും കുട്ടികൾ അവയെ ഏറ്റവും വിലമതിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന സമയമാണിത്.

കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള ബന്ധത്തിന്റെ പരമ്പരാഗത സങ്കൽപ്പങ്ങളിൽ പൊളിച്ചെഴുത്തു നടത്തുകയാണ് ടീനേജുകാരുമായുള്ള സമ്പർക്കം അനായാസമാക്കാൻ ഏറ്റവും അവശ്യമായ ഒരു മാർഗ്ഗം. കൊച്ചുകൂട്ടികളെ വളർത്തുന്നതിന് വേണ്ടതിൽ നിന്നു തുലോം വ്യത്യസ്തമായ ചില കഴിവുകളും അഭിരുചികളുമാണ് ടീനേജുകാരുമായി സഫലമായ ബന്ധത്തിനു വേണ്ടത്. ടീനേജുകാർക്ക് മാതാപിതാക്കളോട് ചതുർത്ഥിയാണെന്നും കൂട്ടുകാരുടെ ലോകമാണ് അവർക്കു വലുതെന്നുമുള്ള ധാരണ മാറ്റുക. ഇവ രണ്ടിനെയും രണ്ടു വ്യത്യസ്തലോകങ്ങളായി അകറ്റി നിർത്തുന്നതാണ് പ്രശ്നങ്ങൾക്കു വലിയ കാരണം. കൂട്ടുകാരുടെ ലോകത്തിൽ കൂട്ടുകാരനും കൂട്ടുകാരിയുമായി മറ്റുകൂട്ടുകാരെ അറിഞ്ഞ്, അവരോട് അടുപ്പം പുലർത്തി, അവരുടെയും കൂട്ടുകാരനും കൂട്ടുകാരിയുമായി മാറാൻ കഴിയുന്ന മാതാപിതാക്കൾ മക്കൾക്കു മാത്രമല്ല അവരുടെ കൂട്ടുകാർക്കും വേണ്ടപ്പെട്ടവരായി മാറും.

**കുട്ടികൾ പലവിധം; കണ്ടറിഞ്ഞു നിൽക്കണം.**

'ടീനേജുകാരെ കൈകാര്യം ചെയ്യാൻ ഒരു ഫോർമുല' എന്ന മട്ടിൽ ലളിതമായി കാണാൻ പറ്റുന്ന വിഷയമല്ല കുട്ടികൾ. ബുദ്ധിയും മനസ്സും ഇഷ്ടാനിഷ്ടങ്ങളും വ്യത്യസ്തമായ സ്വതന്ത്രവ്യക്തിത്വമാണ് ഓരോ കുട്ടിക്കും. ഒരാളെപ്പോലെ മറ്റൊരാൾകൂടി ഉണ്ടാവില്ല. ആൺകുട്ടികളും പെൺകുട്ടികളും എന്നു രണ്ടായി തിരിച്ച് ചില പൊതുസ്വഭാവങ്ങൾ പറയാൻ കഴിഞ്ഞേക്കും. എന്നാൽ, അവരിലും ഉണ്ടാകും, ധാരാളം വ്യത്യസ്തകൾ.

ടീനേജുകാരായ ആൺകുട്ടികൾ പൊതുവേ മാതാപിതാക്കളോട് അധികം സംസാരിക്കാറില്ല എന്ന തത്വം നിലനിൽക്കത്തന്നെ എല്ലാ കാര്യങ്ങളും മാതാപിതാക്കളുമായി തുറന്ന് ചർച്ച ചെയ്യുന്ന കുട്ടികളും ഉണ്ടാകും. റ്റീനേജ് പെൺകുട്ടികൾ പൊതുവേ അമ്മമാരുമായി തർക്കിക്കുന്ന ശീലക്കാരായിരിക്കും എന്നു പറയാറുണ്ടെങ്കിലും ഒരു കാര്യത്തിലും പൊരുത്തക്കേടില്ലാതെ മുന്നോട്ടുപോകുന്ന കുട്ടികളുമുണ്ട്. ഒരേ വീട്ടിൽതന്നെ രണ്ടു കുട്ടികൾ ചിലപ്പോൾ തികച്ചും വ്യത്യസ്തസ്വഭാവക്കാരായിരിക്കും. ഒരാൾ സൗമ്യമായി, വലിയ ഭിന്നതകളില്ലാതെ മാതാപിതാക്കളോട് മനസ്സുതുറന്നുള്ള പ്രകൃതമായിരിക്കാം. മറ്റെയാൾ എല്ലാകാര്യത്തിലും ഉറക്കെ പ്രതിക്ഷേധിക്കുകയും പരസ്യമായി തർക്കിക്കുകയും ധിക്കരിക്കുകയും ചെയ്യുന്ന ബഹളപ്രകൃതിയായിക്കൂടെന്നില്ല.

നിങ്ങളുടെ കുട്ടിയുമായി അഥവാ മാതാപിതാക്കളുമായി സംയമനത്തോടും സൗമ്യതയോടും കൂടി ഇടപെടാനുള്ള ആഗ്രഹവും ശേഷിയും ഉണ്ടാക്കുക. അത്രയും സാധിച്ചാൽ നല്ലൊരു തുടക്കമായി. വീട്ടിലുള്ളവരുമായി, കൂട്ടുകാരുമായി സൗമ്യതയും സ്നേഹവും ഒക്കെ പങ്കുവെയ്ക്കുക. അതു സ്നേഹമായി, സൗഹൃദമായി എല്ലാവരിലേയ്ക്കും പടർന്നിറങ്ങട്ടെ. ആഴമായ കുടുംബബന്ധങ്ങളെക്കാൾ വലിയ സമ്മാനം എന്താണുള്ളത്?

'ദൈവത്തിനു മനുഷ്യനിലുള്ള വിശ്വാസം ഇനിയും അസ്തമിച്ചിട്ടില്ല എന്ന സന്ദേശമാണ് പിറന്നുവീഴുന്ന ഓരോ ശിശുവും ഉദ്ഘോഷിക്കുന്നത്' (രവീന്ദ്രനാഥ ടാഗോർ).

## വൈവാഹികം

മാർത്തോമ്മ സഭാംഗങ്ങളുടെ വൈവാഹിക പരസ്യം സൗജന്യമായി ഹെർമ്മോൻ ദൂതൻ വൈവാഹികത്തിൽ പ്രസിദ്ധപ്പെടുത്താം. താല്പ്പര്യമുള്ളവർ വികാരിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി എഡിറ്ററുടെ വിലാസത്തിൽ അയക്കുകയോ വികാരി മുഖേന 9446076746 എന്ന നമ്പറിൽ അറിയിക്കുകയോ ചെയ്യാവുന്നതാണ്..

*മാനേജർ*

'Christ is the head of this house'; 'As for me and my family, we will serve the Lord'-how many of us have these plaques up on our walls! But do we really understand what it means for our families to walk with God, so we can build each other up in the Lord? The Bible gives us all- whether we are husbands, wives, parents or children- directions, commands and promises that relate to our roles in our families.

The first thing to know is that all of us, as Christians, are a part of the family of God in Christ Jesus. Like the prodigal son in Luke 15, we have returned to our father in heaven, who has accepted us in His mercy and forgiveness. Romans 8:15 says, 'those who are led by the Spirit of God are sons of God'

This is important for our family life because we often need to show the same mercy, forgiveness and love that Christ showed on the cross to our family because we are ALL sinners in need of grace. We will sin against each other. But the Bible says, 'Be compassionate to each other, forgiving each other, just as in Christ, God forgave you'(Ephesians 4:32). This can test our faith, making us rely more on Christ who is the only one who can enable us to be this loving.



# The Relevance of the Family in Faith-building

•**Dr.Roshan, Pune**

Parents might heartily agree with Paul when he says, 'Children, obey your parents in the Lord, for this is right. "Honour your father and your mother"-which is the first commandment with a promise-that it may go well with you and that you may enjoy long life on the earth". (Ephesians 6:1-3) Parents are indeed God-given counsellors. It is from parents that we get our first ideas of what is right and wrong. But they must not forget v.4- 'Fathers, do not exasperate your children; instead, bring them up in the training and instruction of the Lord.' Without nagging too much or being overly strict, parents can balance laying down the rules with spending quality time with their children, playing with them or doing age-appropriate activities regularly with them. This creates an atmosphere where children not only fear but also trust and enjoy being with their parents.

A practical way in which a family can contribute to the faith of its members is through family prayer. Through reading a Bible passage together, discussing what one has read in the Bible (for example, what it teaches us about God's character, whether there is a warning or a promise or a command in the passage, difficulties in understanding the passage, etc) and praying for each other's needs, all members can grow in the Lord. Discussion of a passage can be a forum where children can bring up any questions they have about the Bible- and they may have many! These can be clarified or better understood, which will be beneficial to every member. Praying for each other together reminds everyone of the power of prayer: 'For where two or three gather in my name, there am I with them'. God promises to listen especially to such prayers.


Children see their parents not only when they interact with other church members or with the wider society, but they also see them as they really are- at home, with their family. And though no parent is perfect, in our walk with Jesus, if our faith is lived out in our lives, it has a strong impact on our children. Children too can be a strong example of faith to their parents, (1 Tim 4:12) can encourage them and pray for them. In our roles as parents, we cultivate the fruit of the Spirit (Gal 5:22,23)-that in turn our children may become good parents.

കൂദാശാവസ്തുക്കൾ-

## കുർബ്ബാന അപ്പം

പുതിയ നിയമ പാരമ്പര്യമനുസരിച്ച് വിശുദ്ധ കുർബ്ബാന, പെസഹാ ഭക്ഷണമായി (പുളിപ്പില്ലാത്ത അപ്പം അഥവാ പത്തീറ) ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും പെസഹായ്ക്ക് മുമ്പുള്ള ഭക്ഷണമായി (പുളിപ്പുള്ള അപ്പം അഥവാ അമ്മീറ) യോഹന്നാന്റെ സുവിശേഷത്തിലും വിവരിക്കുന്നു. പൗരസ്ത്യ പാരമ്പര്യമുള്ള (അന്ത്യോക്യൻ ആരാധനപാരമ്പര്യം) സഭകളിൽ യോഹന്നാന്റെ സുവിശേഷം അടിസ്ഥാനമാക്കി പെസഹായ്ക്ക് മുമ്പുള്ള ഭക്ഷണമായതുകൊണ്ട് പുളിപ്പുള്ള അപ്പമാണ് കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്നത്. നമ്മുടെ സഭയിലും ഈ പാരമ്പര്യം തുടരുന്നു.

വൃത്താകൃതിയിലുള്ള അപ്പത്തിന്റെ ഉപരിതലം കുരിശാകൃതിയിലുള്ള വരകളാൽ നാലായി തിരിച്ചിരിക്കുന്നു. ഓരോ ഭാഗവും മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആകെയുള്ള 12 ഭാഗങ്ങളിലും കുരിശടയാളങ്ങൾ ഉണ്ട്. ഏകജാതനായ ക്രിസ്തുവിൽ ഒന്നായിത്തീർന്ന 12 അപ്പൊസ്തലന്മാരുടെ പ്രതീകമാണ് 12 കുരിശുകൾ.



# ഡോ. പി.പി.ജോബ്
## ന്യൂഡെൽഹി

**റവ.സുനിൽ ചാക്കോ**, പത്തനംതിട്ട

"അനുഭവങ്ങളുടെ അഗ്നി ശോധനയിലൂടെ ഉരുക്കി വാർത്തെടുക്കപ്പെട്ട് ദൈവശക്തിയാൽ വിപ്ലവാത്മക സുവിശേഷം പ്രസംഗിച്ച് പ്രായോഗിക ശൈലിയിൽ ജനകോടികളോട് സുവിശേഷം വിളംബരം ചെയ്യാൻ നിയോഗിക്കപ്പെട്ട സ്ഥാനാപതിയും ശുഭാപ്തി വിശ്വാസത്തിന്റെ പ്രവാചകനുമായിരുന്നു. ഡോ. പി.പി. ജോബ്." ഫിഫ്ത് ഗോസ്പൽ എന്ന തന്റെ പുസ്തകത്തിൽ ഡോ. ജോബിനെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്ന ഈ വാചകങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തെ വരച്ചുകാട്ടുന്നു. കുന്നംകുളത്ത് പേരമംഗലം പൊറിഞ്ചു ജോബ് എന്ന പി.പി. ജോബ് 1945 ജനുവരി 19ന്, കുന്നംകുളത്ത് പേരമംഗലം പൊറിഞ്ചുവിന്റെയും ഇറ്റ്യേനത്തിന്റെയും മക്കളിൽ മൂന്നാമനായി ജനിച്ചു. വെറ്ററിനറി ജീവനക്കാരനായിരുന്ന പിതാവിന്റെ തുച്ഛമായ വരുമാനം കൊണ്ട് കുടുംബം പുലർത്താൻ ബുദ്ധിമുട്ട് നേരിട്ടപ്പോൾ ചെറുപ്രായത്തിൽ തന്നെ കഠിനാധ്വാനത്തിലൂടെ ഭവനം പുലർത്തിയ ആളത്രെ ഡോ. ജോബ്.

സുവിശേഷ തൽപ്പരനായിരുന്ന ജോബ്, സ്കൂൾ ഫൈനൽ പൂർത്തിയാക്കിയപ്പോൾ തന്നെ സുവിശേഷ വേല ആരംഭിച്ചു. സുവിശേഷ യോഗസ്ഥലങ്ങളിൽ പാട്ട് പുസ്തകങ്ങൾ വിറ്റും, യോഗത്തിന് വരുന്നവർക്ക് ഇരിപ്പിടങ്ങൾ, കുടിവെള്ളം ഇവ ക്രമീകരിച്ചും സുവിശേഷ വേലകളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. കുന്നംകുളം ഗുരുവായൂർ മിഷനറിയായിരുന്ന ദിവംഗതനായ കെ.പി. ഫിലിപ്പ് അച്ചൻ ജോബിന്റെ സുവിശേഷ താൽപര്യം കണ്ട് അദ്ദേഹത്തെ കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനത്തിനായി അയച്ചു. 1964ൽ കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പഠനം പൂർത്തിയാക്കിയ ജോബ് ഗുരുവായൂർ പ്രദേശങ്ങളിൽ സുവിശേഷവേലയിൽ വ്യാപൃതനായി. തുടർന്ന് കെ.പി. ഫിലിപ്പ് അച്ചന്റെ തന്നെ പ്രേരണയിലും സഹായത്തിലും മഹാരാഷ്ട്രയിൽ യൂത്ത്മോൾ സെമിനാരിയിൽ നിന്ന് വേദശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കിയ ശ്രീ. ജോബ് നിരവധി സുവിശേഷ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. അതിൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത് റവ. വുംബ്രാണ്ടിന്റെ നേതൃത്വത്തിൽ ആരംഭിച്ച ടോർച്ചേർഡ് ഫോർ ക്രൈസ്റ്റ് എന്ന സംഘടനയുമായുള്ള ബന്ധമാണ്. പ്രസ്തുത സുവിശേഷ പ്രസ്ഥാനവുമായുള്ള ബന്ധം ഇൻഡ്യയിലുടനീളവും, ലോകത്തിന്റെ ഒട്ടുമിക്ക രാജ്യങ്ങളിലും സുവിശേഷ പ്രഘോഷണം നടത്തുന്നതിന് ഡോ. ജോബിന് അവസരം ഒരുക്കി! പരിമിതമായ ജീവിത സാഹചര്യങ്ങളിൽ നിന്ന് ലോക പ്രസിദ്ധ കൺവൻഷൻ പ്രസംഗകൻ എന്ന പേരിന് അദ്ദേഹം അർഹനായി. കഴിഞ്ഞ 40 വർഷക്കാലം അദ്ദേഹം പ്രസ്തുത സംഘടനയുമായുള്ള ബന്ധത്തിൽ ശുശ്രൂഷ ചെയ്തു.

ഈ കാലയളവിനുള്ളിൽ അദ്ദേഹത്തിന്റെ രണ്ട് മക്കളും ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. മക്കൾ നഷ്ടപ്പെട്ട വേദനഅദ്ദേഹത്തെ വല്ലാതെ ഭാരപ്പെടുത്തിയെങ്കിലും, തളർന്നുപോകാതെ ജീവിക്കുക എന്ന ക്രിസ്തീയ പ്രമാണത്തിൽ ആശ്രയിച്ചു. ഇളയ മകൻ മൈക്കിൾ ജോബിന്റെ സ്മരണാർത്ഥം കോയമ്പത്തൂരിൽ പെൺകുട്ടികൾക്കായി ഒരു അനാഥാലയവും അവരുടെ വിദ്യാഭ്യാസത്തിനായി ഒരു സ്കൂളും, കോളേജും ബി.എഡ് സെന്ററും ആരംഭിച്ചു. ഡോ. ജോബ് സഞ്ചരിച്ച ദേശങ്ങളിൽ സുവിശേഷ പ്രഘോഷണത്തോടൊപ്പം ആഹാരമില്ലാത്തവർക്ക് ആഹാരവും, പാർപ്പിടമില്ലാത്തവർക്ക്

പാർപ്പിടവും, വസ്ത്രമില്ലാത്തവർക്ക് വസ്ത്രവും ക്രമീകരിച്ച് നൽകി. സുവിശേഷം നിമിത്തം തടവിലായിരുന്നവരെ വിടുവിക്കുന്നതിനും (പ്രത്യേകാൽ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ) പീഢനത്തിലിരുന്ന വിശ്വാസികളെ ധൈര്യപ്പെടുത്തുന്നതിനും അദ്ദേഹത്തിന്റെ സ്വാധീനവും വിഭവങ്ങളും ഉപയോഗിച്ചു; സാമൂഹിക രംഗങ്ങളിലും അദ്ദേഹം ശ്രദ്ധേയമായ നേതൃത്വം നൽകിയിരുന്നു. ഒ.പി. ത്യാഗിയുടെ മതനിരോധന ബില്ലിനെതിരെ പ്രതിഷേധം പരിപാടികൾക്ക് നേതൃത്വം നൽകിയ ഡോ. ജോബ്, പ്രസ്തുത സമരത്തിന്റെ മുൻനിരയിലുണ്ടായിരുന്ന മദർ തെരേസ്സയുടെ പ്രസംഗം മുഴുവൻ അച്ചടിച്ച് വിതരണം ചെയ്തു. ക്രൂസേഡുകളുടെ മധ്യത്തിലെ പ്രസംഗപീഠത്തിൽ മാത്രമല്ല ചേരികളിലും, നഗര പ്രാന്തങ്ങളിലും ഗ്രാമങ്ങളിലും അദ്ദേഹം സുവിശേഷം എത്തിച്ചു. ഡൽഹിയിൽ കല്യാൺപുരിയിലുള്ള ചേരിപ്രദേശത്തും, ദാരിദ്ര ജനത്തിനും ചേരിനിവാസികൾക്കും വേണ്ടി മാത്രം ആരംഭിച്ച ക്രിസ്ത്യൻ മെഡിക്കൽ സെന്ററും അതിന് ഉദാഹരണങ്ങളാണ്. ക്രിസ്ത്യൻ മെഡിക്കൽ സെന്ററിലെ ശുശ്രൂഷകൾക്ക് ഡോ. മേരി ജോബ് നേതൃത്വം നൽകുന്നു. ധനത്തിൽ ആശ വച്ചിരുന്ന ആളല്ല ഡോ. ജോബ്. വുംബ്രാണ്ടിന് ഡോ. ജോബിനെ പരിചയപ്പെടുത്തിയ ശ്രീ. കെന്നി ജോസഫ് എന്ന സുവിശേഷ മിഷനറിയുടെ സാക്ഷ്യം അതാണ്. വുംബ്രാണ്ട് ഇൻഡ്യയിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ആളുകളെ അന്വേഷിച്ചപ്പോൾ കെന്നി ജോസഫ് ഡോ. ജോബിന്റെ പേര് നിർദ്ദേശിക്കയായിരുന്നു. ‘വിദേശ നാണയത്തിന്റെ കിലുകിലാരവത്തിന് ചെവികൊടുക്കാത്ത ഒരു യുവ സേവകനുണ്ട്. സുവിശേഷത്തിന്റെ പോരാളിയായിട്ട് ഒരുവൻ’. കെന്നി ജോസഫിന്റെ ഈ വാക്കുകളിലത്രെ വുംബ്രാണ്ട്, ജോബിനെ തന്റെ ശുശ്രൂഷയിൽ കൂട്ടിയതും ജോബ് തന്റെ മരണം വരെ 40 വർഷത്തോളം ഈ സംരംഭത്തിൽ പ്രവർത്തിച്ചതും.

മാർത്തോമ്മാ സഭാംഗമെന്ന നിലയിൽ സഭയോടും സഭാ ശുശ്രൂഷകളോടും പൂർണ്ണവിധേയത്വവും സഹകരണവും നൽകിയ ആളത്രെ ശ്രീമാൻ ജോബ്. ഡൽഹി ജറുസലേം മാർത്തോമ്മാ ഇടവകയുടെ എല്ലാ ശുശ്രൂഷകളിലും വളരെ സജീവ പങ്കാളിയായിരുന്നു. അദ്ദേഹം. ഒരു വലിയ പ്രസ്ഥാനത്തിന്റെ നടത്തിപ്പുകാരനായിരുന്ന അദ്ദേഹം എല്ലാ മനുഷ്യരോടും ആർദ്രതയോടും, വിനയത്തോടും അത്രേ പെരുമാറിയത്. പ്രയാസങ്ങളിലും പ്രതിസന്ധിയിലും ഒരു കാരണവശാലും തളരുന്ന ആളായിരുന്നില്ല ഡോ. ജോബ്. എല്ലാ സംഭവങ്ങളെയും പ്രത്യാശയോടെ മാത്രം കണ്ടിരുന്ന ആളുമായിരുന്നു ഡോ. ജോബ്. അത് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനവിശേഷതയായിരുന്നു. ലോകപ്രസിദ്ധ സുവിശേഷകൻ, ഉത്തമ സഭാ സ്നേഹി, നയതന്ത്രജ്ഞൻ, സാഹിത്യ പ്രവർത്തകൻ, സംഘാടകൻ എന്നീ നിലകളിൽ ഉന്നതമായ സംഭാവനകൾ നൽകിയ വ്യക്തിയായിരുന്നു ഡോ. ജോബ് ലഭ്യമായ ആയുസ്സ് ഏറ്റവും മെച്ചമായി ചിലവിടുവാൻ ദൈവം അദ്ദേഹത്തിന് അവസരം കൊടുത്തു. അത് അദ്ദേഹം പൂർണ്ണതോതിൽ ദൈവരാജ്യത്തിന് വേണ്ടി പ്രയോജനപ്പെടുത്തി. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിയ്ക്കായി വച്ചിരിക്കുന്നു എന്ന പൗലോസ് അപ്പോസ്തലന്റെ വാക്കുകൾ ഡോ.ജോബിന്റെ ജീവിതത്തിൽ പൂർണ്ണമായി അർത്ഥവത്താകുന്നു.

**<u>ഉദയംപേരൂർ സൂന്നഹദോസ് - 1599</u>**

മാർത്തോമ്മാ ക്രിസ്ത്യാനികളെ റോമാ നുകത്തിൻ കീഴിലാക്കുവാൻ ആസൂത്രണം ചെയ്ത ഒരു സമ്മേളനമായിരുന്നു ഗോവയിലെ ആർച്ച് ബിഷപ്പായിരുന്ന അലക്സിയോ ഡി മെനേസിസ് വിളിച്ചുകൂട്ടിയ ഉദയംപേരൂർ സൂന്നഹദോസ്. മലങ്കര സഭയിൽ അതുവരെ ഇല്ലാതിരുന്നതും വേദാനുസരണം അല്ലാത്തതുമായ ഉപദേശാനുഷ്ഠാനങ്ങൾ സഭയിൽ വേരുറയ്ക്കുവാൻ ഇതു കാരണമായി. ഉദാ. കന്യകാ മറിയാമിനോടുള്ള അപേക്ഷ, വിശുദ്ധന്മാരാടുള്ള പ്രാർത്ഥന, പട്ടക്കാരുടെ ബ്രഹ്മചര്യം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, മദ്ധ്യസ്ഥ പൗരോഹിത്യം, വിശുദ്ധ കുർബ്ബാനയിലെ വസ്തുമാറ്റോപദേശം, രഹസ്യകുമ്പസാരം തുടങ്ങിയവ പുതുതായി സഭയിൽ ഏർപ്പെടുത്തിയത് സുന്നഹദോസിന്റെ കാനോനുകളിൽ കാണാവുന്നതാണ്. മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് നേതൃത്വം കൊടുത്തിരിക്കുന്ന ഗീവർഗ്ഗീസ് അർക്കദിയാക്കോനെതന്ത്രപൂർവ്വം ആർച്ച് ബിഷപ്പ് തന്റെ സ്വാധീനത്തിലാക്കി. പൗരസ്ത്യ സഭകളുമായി സുറിയാനികൾക്കുണ്ടായിരുന്ന എല്ലാ ബന്ധങ്ങളും ഇല്ലാതാക്കി. ഏ.ഡി. 1600 മുതലുള്ള അരനൂറ്റാണ്ടിലേറെക്കാലം മലങ്കര സഭ റോമൻ ഭരണത്തിൻ കീഴിൽ കഴിഞ്ഞു.

# സഭാ പഞ്ചാംഗം

**ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ**

സഭക്ക് നൂററാണ്ടുകളായി എഴുതപ്പെട്ട ഒരു പഞ്ചാംഗവും വേദവായനക്രമവും ഉണ്ട്. അത് നമ്മുടെ കർത്താവിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി നിശ്ചയിച്ച് ക്രമപ്പെടുത്തിയിരിക്കുന്നു. സംവത്സരം മുഴുവനും കർത്താവിന്റെ ഇഹലോകവാസത്തെ അടിസ്ഥാനപ്പെടുത്തി സഭ ചിന്തിക്കുകയും ധ്യാനിക്കുകയും ആ ജീവിത രഹസ്യത്തിന്റെ മർമ്മം സഭ ഒന്നാകെ പഠിക്കുകയും ചെയ്യുന്നു. യേശുക്രിസ്തുവിലൂടെ പൂർണ്ണമാക്കപ്പെട്ട രക്ഷണ്യ അനുഭവം ഒരു വർത്തമാനകാല വ്യാപാരത്തിലൂടെ കാലാതീതമാക്കി തീർക്കുകയാണ് ഇതിലൂടെ. സഭയുടെ ക്രമീകൃതമായ വിശ്വാസ ജീവിതത്തെയാണ് സഭാപഞ്ചാംഗവും ആരാധാനാ രീതികളും പ്രതിഫലിപ്പിക്കുന്നത്. വിശ്വാസ സമൂഹത്തിന്റെ തനിമ ഇത് വെളിവാക്കുന്നു. സ്വയം മനസ്സിലാക്കാനും മററുള്ളവർക്ക് തങ്ങളുടെ ഉണ്മ വെളിവാക്കി കൊടുപ്പാനും തലമുറകളായി അതേ ശിക്ഷണത്തിൽ പരിപാലിക്കപ്പെടാനും ഏർപ്പെടുത്തിയിരിക്കുന്ന അളവുകോലും തൂക്കുക്കട്ടയുമാണ് സഭാ പഞ്ചാംഗം. സഭ ഒന്നാകെ കർത്താവിനോട് ചേർന്ന് വളരുന്നതിനും കൃപ പ്രാപിക്കുന്നതിനും ഇത് സഹായിക്കുന്നു. നമ്മുടെ കർത്താവിന്റെ ഇഹലോക ജീവിതത്തോട് ബന്ധിപ്പിച്ച് സംവത്സരം മുഴുവൻ ദൈവ വചനത്തോടും അതിൽ അധിഷ്ഠിതമായ ആരാധനയോടും കൂടി പുനരുത്ഥാനത്തിന്റെ സന്ദേശ വാഹകരായി സഭാംഗങ്ങളെ ഒരുക്കുക എന്ന ലക്ഷ്യത്തിലാണ് സഭാ പഞ്ചാംഗം ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. 'ഭവനം, ഇടവക, സഭ എന്ന ക്രമത്തിൽ വചനാനുസരണമുള്ള ജീവിതം നയിക്കുന്നതിനും ജീവിതം തന്നെ ആരാധനയായി ക്രമപ്പെടുന്നതിനും ഇത് പ്രേരിപ്പിക്കുന്നു.

സഭാ വർഷം ആരംഭിക്കുന്നത് തിരു അവതാരത്തോട് ചേർന്നുള്ള സംഭവങ്ങൾ വിവരിച്ചുകൊണ്ടാണ്. ഒക്ടോബർ മാസം മുപ്പതാം തീയതി ഒരു ഞായറാഴ്ച എങ്കിൽ അന്നോ അല്ലെന്നു വരികിൽ നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ചയോ ആയിരിക്കും (സഭയുടെ ശുദ്ധീകരണം) 'കൂദോശ് ഈത്തോ' എന്ന പെരുനാൾ. ഈ പെരുനാളോടു കൂടി സഭാകലണ്ടർ (സഭാ പഞ്ചാംഗം) ആരംഭിക്കുന്നു. നമ്മുടെ കർത്താവിന്റെ ഇഹലോക ജീവിതവുമായി ബന്ധപ്പെട്ട (മോറാനായ പെരുനാളുകൾ) അത്ഭുത കാര്യങ്ങളെ ഇതിനോട് ചേർത്ത് ധ്യാനിക്കുന്നു. അതിൽ തീയതി മാററം ഉള്ളവയും ഇല്ലാത്തവയുമായ പെരുനാളുകൾ ഉണ്ട്. മാർച്ച് മാസം 21 ാം തീയതി കഴിഞ്ഞുവരുന്ന പൂർണ്ണ ചന്ദ്രനു ശേഷമുള്ള ഞായറാഴ്ച ആയിരിക്കും ഉയിർപ്പ് ഞായർ. അതിനനുസരിച്ച് മററ് പെരുനാളുകൾ കണക്കാക്കുന്നു. അനുതാപത്തിന്റേയും രൂപാന്തരത്തിന്റേയും ദൈവാനുഭവത്തിന്റേയും നാളുകളായി അഞ്ചു നോമ്പുകൾ കലണ്ടറിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ശരീരം, മനസ്സ്, ആത്മാവ് ഇവ സൃഷ്ടിതാവുമായുള്ള ബന്ധത്തിൽ അനുരഞ്ജനപ്പെടുന്നതിനും ആരോഗ്യകരമായ ആളത്വത്തിൽ മുന്നേറുന്നതിനും ഇത് സഹായിക്കുന്നു.

'കൂദോശ് ഈത്തോ'യെ തുടർന്നുള്ള് ഏഴ് ആഴ്ചവട്ടം മംഗള വാർത്താ കാലവും (സെഖര്യാവ്, യോസേഫ്, കന്യകമറിയം തുടങ്ങിയവർക്കുള്ള സദ് വർത്തമാനം) അതിന്റെ പൂർത്തീകരണമായ ജനനപെരുനാളും സഭ ആചരിക്കുന്നു. തുടർന്ന്, കർത്താവിന്റെ ദൈവാലയ പ്രവേശനം (മായൽത്തോ), സ്നാനം (ദനഹ) പ്രധാനപഠിപ്പിക്കലുകൾ, തേജസ്കരണം, പീഡാനുഭവം, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, തുടങ്ങിയവ നിശ്ചയിച്ചിരിക്കുന്നു. പെന്തിക്കുസ്തി പെരുനാളിനു ശേഷം ഇരുപത്തിരണ്ട്/ ഇരുപത്തിനാല് ആഴ്ചകൾ പരിശുദ്ധാത്മാവിന്റെ ഫലം, വരങ്ങൾ, ദാനം, നിയോഗം, പരിശുദ്ധ ത്രിത്വം, കൂദാശകൾ, തുടങ്ങി അടിസ്ഥാനക്രിസ്തീയ വിശ്വാസങ്ങളും, സഭയുടെ ഐക്യം, സാമൂഹിക പ്രതിബദ്ധത, സുവിശേഷ ദൗത്യം, സാക്ഷ്യം പൗരസ്ത്യ സഭയുടെ അഞ്ചു നോമ്പുകൾ, പ്രകൃതിയോടുള്ള ഏകത, കർത്താവിന്റെ മഹത്വ പ്രത്യക്ഷത ഇവയെ ചിട്ടപ്പെടുത്തി കർത്താവിന്റെ പുനരാഗമനത്തെ നോക്കി പാർക്കുന്ന വിശുദ്ധ സമൂഹമായി നിലകൊള്ളുന്നതിന് സഭയെ ഒരുക്കുന്നു.

ചിത്രീകരണം

ജോസ് കാത്താടം

# ആർത്തബാന്റെ യാത്ര

**മുൻലക്കത്തിൽ....**

തനിക്കുള്ളതൊക്കെയും വിറ്റ് മൂന്ന് വിലകൂടിയ രത്നങ്ങളും വാങ്ങി യേശുവിനെകാണുവാൻ പുറപ്പെട്ട ആർത്തബാന് ജോസഫും മറിയയും യേശുകുഞ്ഞിനെയും കൊണ്ട് നസ്രേത്തിലേക്ക് ഓടിപ്പോയതുകൊണ്ട് രക്ഷകനെകാണാനായില്ല. രണ്ടു രത്നങ്ങൾ ഓരോരോ കാരണങ്ങളാൽ നഷ്ടപ്പെട്ടു. താനെത്തിച്ചേർന്ന ചേരിയിൽ അവരിൽ മാറ്റം വിതച്ച് അവരുടെ സ്നേഹപരിചരണങ്ങൾ ഏറ്റ് അവിടെ പാർത്തു. ലോക രക്ഷകനെഇനിയും കാണാനായില്ല എന്ന ദുഃഖം അവനെഏറെ വേദനിപ്പിച്ചു. അവശേഷിക്കുന്ന ഓരേയൊരു രത്നം നെഞ്ചോടുചേർത്തുപിടിച്ച് സമാഗമത്തിന്റെ പുണ്യമുഹൂർത്തത്തിനായി അവൻ കാത്തിരിക്കുകയായിരുന്നു....

*(തുടർന്നു വായിക്കുക)*

***ദൃശ്യം 9***

നറേറ്റർ : ആർത്തബാൻ അവക്ക് ഒരു പുതിയ സ്വപ്നം നൽകുകയായിരുന്നു. അവൻ അവരോടൊപ്പം നിന്ന് ആ സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ അദ്ധ്വാനിച്ചു. ചാലുകീറി വെള്ളമെത്തിച്ചു. പാറകൾ തകർത്ത് മണ്ണ് ഇളക്കി മറിച്ചു. വർഷങ്ങൾ കഴിഞ്ഞപ്പോൾ അവിടം സമൃദ്ധിയുടെ പറുദീസയായി. കുഷ്ഠരോഗികൾക്ക് നല്ല പരിചരണം നൽകി. വേശ്യകൾ തങ്ങളുടെ തൊഴിൽ ഉപേക്ഷിച്ചു. കള്ളന്മാരില്ലാതായി. നീണ്ടമുപ്പതുവർഷം തിരിച്ചറിയാനാവാതെവണ്ണം ആ ചേരി-മനോഹരവും സമൃദ്ധവും ആയിത്തീർന്നു. ആർത്തബാൻ സന്തുഷ്ടനായിരുന്നു. ഒരു കാര്യത്തിലൊഴിച്ച് -ഇനിയും ലോകനാഥനെ കാണാനായില്ല എന്ന ദുഃഖം. അവസാനത്തെ രത്നവും നെഞ്ചോടു ചേർത്തുപിടിച്ച്-ലോകരക്ഷകനെകണ്ട് വണങ്ങാനാവുന്ന സുദിനത്തിനായി അവൻ കാത്തിരുന്നു.

അങ്ങനെയിരിക്കും കാലത്തിങ്കൽ.....ഒരു നാൾ....

യെരുശലേമിൽ വ്യാപാരത്തിനുപോയി മടങ്ങി വന്ന ഒരു ചെറുപ്പക്കാരൻ പറഞ്ഞു.

“ദൂരെ ....ഏതോ മലഞ്ചെരുവിൽ യേശു പ്രസംഗിക്കുന്നു. ജനം അവൻ പറയുന്നതുകേൾക്കാൻ അവനെയൊന്നു കാണാൻ അവന്റെ അടുക്കലേക്ക് ഒഴുകുന്നു.

അവൻ വെള്ളം വീഞ്ഞാക്കുന്നു. കുരുടന് കാഴ്ച നൽകുന്നു. മുടന്തനെ നടക്കുമാറാക്കുന്നു. ദുരാത്മാക്കളെ ശാസിക്കുന്നു. എന്തിന് മരിച്ചവരെ ഉയിർപ്പിക്കുന്നു.

ആർത്തബാന്റെ ഉള്ളം തുള്ളിതുടങ്ങി....

അവൻ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. എല്ലാവരുടെയും അനുവാദത്തോടെ യാത്രയായി. എവിടേക്കെന്നു കൃത്യമായ അറിവില്ലെങ്കിലും എങ്ങനെയും ലക്ഷ്യത്തിലെത്താം എന്ന വിശ്വാസത്തോടെ വഴിയിൽ ആഹാരം വാങ്ങാനായി ഒരു ചന്ത സ്ഥലത്തേക്കു തിരിയുമ്പോൾ ദാ അവിടെ ആ ചന്ത സ്ഥലത്തിനു പുറത്ത് (വെളിച്ചം പൊലിയുന്നു.)

***ദൃശ്യം 10***

(രംഗം തെളിയുന്നു ഒരു വ്യാപാരി ഒരു പാത്രത്തിൽ നിന്നും എന്തോ തിന്നുകയാണ്. പാത്രം പിടിച്ചിരിക്കുന്ന കയ്യിൽ ഒരു ചങ്ങലയുടെ അറ്റം. ചങ്ങലയുടെ അങ്ങേ അറ്റത്ത് 12-13 വയസ്സുപ്രായം വരുന്ന ഒരു ബാലിക. അവൾ കരയുകയാണ്. വ്യാപാരി താൻ കഴിക്കുന്നതിൽ നിന്ന് എന്തോ എടുത്ത് നീട്ടിയിട്ട് പെട്ടെന്ന് സ്വന്തം വായിലേക്കിടുന്നു. ആർത്തബാനും ഭൃത്യനും കൂടി ഈ രംഗത്തേക്കു നടന്നു കയറുന്നു. അവരെ കണ്ടതോടെ അവളുടെ കരച്ചിൽ ഉച്ചത്തിലായി.

ബാലിക : യജമാനന്മാരെ രക്ഷിക്കണെ - രക്ഷിക്കണെ ഈ ദുഷ്ടനിൽ നിന്നെന്നെ രക്ഷിക്കണേ....

ആർത്തബാൻ : (വ്യാപാരിയോട്) നിങ്ങളെന്തിനാണ് ഈ ബാലികയെ ബന്ധിച്ചിരിക്കുന്നത്.

വ്യാപാരി : ഇതൊക്കെ ചോദിക്കാൻ നിങ്ങളാരാണ് (ഭൃത്യൻ ആർത്തബാനെ വിളിച്ചുകൊണ്ടുപോകുവാൻ ശ്രദ്ധിക്കുന്നു.. ആർത്തബാൻ വഴങ്ങുന്നില്ല.)

ആർത്ത : സ്നേഹിതാ.... ഞാനാരുമാകട്ടെ ഒരു വഴിയാത്രക്കാരൻ ഈ കുട്ടിയുടെ കരച്ചിൽ കേട്ടു വന്നതാണ്.


ബാലിക : ഇയ്യാളെന്നെ വിൽക്കാൻ കൊണ്ടുപോകുവാ.... എനിക്കെന്റെ അമ്മയേയും സഹോദരങ്ങളേയും കാണണം. എന്നെ അഴിച്ചുവിടാൻ പറയൂ...

ആർത്തബാൻ : സ്നേഹിതാ ആ കുട്ടിക്ക് ഇഷ്ടമല്ലെങ്കിൽ പിന്നെന്തിനിവളെ
വ്യാപാരി : (പെട്ടെന്നു) നിങ്ങൾക്കു ഇതിലെന്താണിത്ര താൽപ്പര്യം - അവളുടെ ഇഷ്ടംപോലും! അവളെ വിറ്റവന് വിൽക്കാൻ ഇഷ്ടമായിരുന്നു. വാങ്ങാൻ എനിക്കും ഇഷ്ടമായിരുന്നു.
ആർത്തബാൻ : മനുഷ്യരെ മാടുകളെപ്പോലെ...? ഇതന്യായമാണ്.
വ്യാപാരി : നോക്കൂ... ഞാനൊരു വ്യാപാരിയാണ്. ലാഭം കിട്ടുന്നതെന്തും വാങ്ങും വിൽക്കും - അതിലെന്താണ് അന്യായം.
ഭൃത്യൻ : അങ്ങിതിലിടപെടാതിരിക്കുന്നതാണ് നല്ലത് - നമുക്കു പോകണ്ടെ.
ആർത്തബാൻ : ഈ കുട്ടി നിങ്ങളുടെ മകളായിരുന്നുഎങ്കിൽ
വ്യാപാരി : ഇയ്യാളൊരു ശല്യമായല്ലോ ? ആരാണ് നിങ്ങളെ ന്യായം വിധിക്കാനേൽപ്പിച്ചത്.
ആർത്തബാൻ : ഞാൻ ന്യായാധിപനല്ല- കേവലം ഒരു സാധാരണ മനുഷ്യൻ മനുഷ്യത്വത്തിന്റെ പേരിൽ ഈ കുട്ടിയെ സ്വതന്ത്രയാക്കികൂടെ...?
വ്യാപാരി : ഒരു പുണ്യാളൻ ... പോ മനുഷ്യാ ഇവളെ ഞാൻ സ്വതന്ത്രയാക്കണം അല്ലേ... ഹ... ഹ... നല്ല കഥ- അതുകൊണ്ട് നിങ്ങൾക്കു നഷ്ടപ്പെടുവാൻ ഒന്നുമില്ലല്ലോ? ഞാനല്ലേ പണം എണ്ണിക്കൊടുത്ത് വാങ്ങിയത്.
ആർത്തബാൻ : പണത്തേക്കാൾ വലുതല്ലേ മനുഷത്വം.
വ്യാപാരി : നിങ്ങളെന്നെ ദേഷ്യം പിടിപ്പിക്കുന്നു. എനിക്കിതിൽ ലാഭം കിട്ടും എന്നതു നേരുതന്നെ- അതോടെ ഇവൾക്ക് ആഹാരവും വസ്ത്രവും അടിമയുടേതെങ്കിലും ഒരു ജീവിതവും കിട്ടും. അല്ലെങ്കിൽ ഇതൊക്കെ പട്ടിണി കിടന്നു ചത്തുപോകും.
ബാലിക: ഇതെല്ലാം നുണയാണ്. നുണ ഇയാൾക്കെന്നെ വിറ്റയാൾ വഴിയിൽ വച്ച് എന്നെ ബലമായി പിടിച്ചുകൊണ്ടു വന്നതാണ്.
ആർത്തബാൻ: ഈ കുട്ടിയെ മോചിപ്പിച്ചാൽ നിങ്ങൾക്കു നഷ്ടമുണ്ടാകും. പക്ഷേ ദൈവത്തിന്റെ മുമ്പാകെ നിങ്ങൾ നീതിമാനായിരിക്കും.
വ്യാപാരി: (പരിഹാസം) ഞാനത്രയ്ക്കു നീതിമാനല്ല പക്ഷേ നിങ്ങൾ നീതിമാനാണല്ലോ... എനിക്കിവളെ കൈവിടാൻ ഇഷ്ടമായിട്ടല്ല. ഇതുപോലെ ഒന്നിനെകൊണ്ടുകൊടുക്കാമെന്നും ഏറ്റതുമാണ്. സാരമില്ല. മുന്നൂറ് വെള്ളിനാണയത്തിനുവേണ്ടിയാണ്. നൂറ് എനിക്കു ലാഭം വേണം. ശരിക്കും 400 വെള്ളി നാണയം തന്ന് ഇവളെ വാങ്ങിക്കൊടുത്തു എന്നിട്ട് അഴിച്ചു വിടുകയോ - കൂടെക്കൂട്ടുകയോ എന്ത് വേണമെങ്കിൽ ചെയ്തുകൊള്ളൂ...

ആർത്ത : (ഞെട്ടിയിട്ട്) സ്നേഹിതാ എന്റെ കൈയ്യിൽ ഞാൻ
വ്യാപാരി : (ഉറക്കെ ചിരിച്ചിട്ട്) കണ്ടില്ലേ ... സ്വന്തം കൈയ്യിൽ നിന്നും പണം നഷ്ടമാകും എന്നു വന്നപ്പോൾ പുറകോട്ടു മാറുന്നത്. ആദർശം പ്രസംഗിക്കാനെളുപ്പമാണ്. അന്യരുടെ ചെലവിൽ അതു നടപ്പിലാക്കാനും താല്പര്യമാണ്. പക്ഷേ....
ആർത്തബാൻ : (ഒരു തീരുമാനത്തോടെ) അത്രയും പണം നാണയമായി എന്റെ കൈയ്യിലില്ല.
വ്യാപാരി : ഇതൊന്നും കേട്ട് ഞാൻ വിലകുറയ്ക്കില്ല - പണമില്ലെങ്കിൽ തനിക്കു തന്റെ വഴിക്കു പോകാം. വെറുതെ ശല്യപ്പെടുത്താതെ
ആർത്ത : സ്നേഹിതാ നാണയമായിട്ടില്ല എന്നു പറഞ്ഞതു സത്യമാണ്. പകരം ഞാനൊരു രത്നം തരാം - അതിലും പലമടങ്ങു വിലയുള്ള രത്നം.
വ്യാപാരി : രത്നമെങ്കിൽ രത്നം. ഇതിന്റെ കരച്ചിലും ബഹളവും കൊണ്ട് ഞാൻ മടുത്തു. .... പക്ഷേ രത്നം എന്നും പറഞ്ഞ് ഏതെങ്കിലും തന്ന് എന്നെ പറ്റിയ്ക്കാമെന്നു കരുതണ്ട..
ആർത്തബാൻ : (വേദനയോടെ കഴുത്തിൽ ചരടിൽ കൊരുത്തിട്ടിരുന്ന തുകൽ സഞ്ചി വലിച്ച് പൊട്ടിച്ച് കൊടുക്കുന്നു.) ഇതിന്റെ വില നിങ്ങൾ കരുതുന്നതിലും എത്രയോ വലുതാണ്.
ഭൃത്യൻ : അരുത് യജമാനനെഅരുത് അതുകൂടി പോയാൽ...
വ്യാപാരി : (സഞ്ചിയിൽ നിന്നും രത്നം പുറത്തെടുത്ത് പരിശോധിക്കുന്നു) തൃപ്തനായി ചങ്ങലയുടെ അറ്റം ആർത്തബാനെ ഏൽപ്പിക്കുന്നു.
ആർത്ത : (കുട്ടിയെ ചങ്ങലയിൽ നിന്നും മോചിപ്പിക്കുന്നു. ചങ്ങല ദൂരേയ്ക്കു വലിച്ചെറിയുന്നു. നീ സ്വതന്ത്രയാണ്- നിനക്കിഷ്ടമുള്ളിടത്തേക്കു പോകാം.
വ്യാപാരി : ഇതു വല്ലാത്ത ഭ്രാന്തുതന്നെ-ഇത്രയും വിലയുള്ള രത്നം തന്നു വാങ്ങിയിട്ട് ഇതിനെസ്വതന്ത്രയാക്കുക.
ആർത്ത : അതേ നിങ്ങളെപ്പോലുള്ളവർക്ക് ഇതു ഭ്രാന്താണ്. (കുട്ടി ആഹ്ളാദത്തോടെ ആദരവോടെ ആർത്തബാനെവണങ്ങുന്നു. വ്യാപാരി അത്ഭുതത്തോടെ നോക്കിയിട്ട് മെല്ലെ ആർത്തബാൻ വലിച്ചെറിഞ്ഞ ചങ്ങലയുമെടുത്ത് പോകുന്നു.
ഭൃത്യൻ : ആർത്തബാന്റെ അടുത്തേക്കു ചെല്ലുന്നു. ആർത്തബാൻ ആകെ തളർന്ന് ഭൃത്യന്റെ ദേഹത്തേക്ക് ചാരുന്നു.
(രംഗം ക്രമേണ ഇരുളുന്നു.)

*തുടരും...*

# അനുമോദനങ്ങൾ.....



സുവിശേഷ പ്രസംഗസംഘം മാനേജിംഗ് കമ്മിറ്റിയിലേയ്ക്ക് നമ്മുടെ ഭദ്രാസനസെക്രട്ടറി **റവ.അലക്സാണ്ടർ തോമസ്** അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. ഹെർമ്മോൻ ദൂതന്റെ അനുമോദനങ്ങൾ...



**Kum. Santi Achama Alexander,**
D/o. Mr.T.K. Alexander &
Mrs. Suja Alexander
*Daivathin Veettil,* member of Kannamcode Mar Thoma Church, Adoor has passed the CA Examination, conducted by Institute of Chartered Accountants of India (ICAI).

**Rev.Shoji Varghese** (Vicar)



തുവയൂർ സെന്റ് ആൻഡ്രൂസ് ഇടവകാംഗമായ ബഥേലിൽ **റിജോ ജേക്കബ് തോമസിന്** ഐ.ഐ.റ്റി. (I.I.T) ഖരഗ്പൂർ നിന്ന് ക്രയോജനിക്ക് എഞ്ചിനീയറിംഗിൽ ഡോക്ടറേറ്റ് ലഭിച്ചു. ഗവേഷണ വിഷയത്തിൽ അന്താരാഷ്ട്ര തലത്തിൽ 8ൽ അധികം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓതറ എ.എം.എം. ഹൈസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ശ്രീ.പി.എൽ. തോമസിന്റെയും റിട്ട. ശിരസ്തദാർ ലിസമ്മ തോമസിന്റെയും സീമന്തപുത്രനാണ്. കോട്ടയം സെയിന്റ് ഗിറ്റ്സ് എഞ്ചിനീയറിംഗ് കോളേജിൽ മെക്കാനിക്കൽ വിഭാഗം അസോസിയേറ്റ് പ്രഫസറായി പ്രവർത്തിക്കുന്നു. ഭാര്യ ഡോ. സ്മിതാ ആൻസി വർഗ്ഗീസ് MD, DNB കോട്ടയം മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റ് ഡോക്ടറാണ്.

**റവ. സാം തോമസ്** (വികാരി)

## ബാലകലോത്സവം 2012

കണ്ണംകോട് സെന്റർ സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ സെന്ററിലെ ബാലസമാജാംഗങ്ങളായ കൊച്ചു കൂട്ടുകാർക്കായി ബാലകലോത്സവം നടത്തപ്പെട്ടു. 2012 ആഗസ്ത് 11 ശനിയാഴ്ച രാവിലെ 9 മണി മുതൽ തുവയൂർ സെന്റ് ആൻഡ്രൂസ് മാർത്തോമാ പള്ളിയിൽ വച്ച് ക്രമീകരിച്ച ഈ കലാ മത്സര പരിപാടിയിൽ, കഥാപ്രസംഗം, ഫാൻസിഡ്രസ്, ടാബ്ലോ, (ഗ്രൂപ്പ് ഡാൻസ്, മൈം, , മാർഗ്ഗം കളി, സ്കിററ്, എന്നിവ നടത്തപ്പെട്ടു. ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ നടത്തപ്പെട്ട മത്സരങ്ങളിൽ കണ്ണംകോട് ബാല സമാജം ഒന്നാം സ്ഥനത്തിനർഹരായി. കുന്നത്തൂർശാലേം, തുവയൂർ എബനേസർ, എന്നീ ബാല സമാജങ്ങൾ യഥാക്രമം രണ്ടാം സ്ഥാനത്തിനർഹരായി. സഹകരിച്ച എല്ലാ ബഹുമാന്യ വൈദികരോടും, സൺഡേസ്കൂൾ വിദ്യാർത്ഥികളോടും അദ്ധ്യാപകരോടും മതാപിതാക്കളോടുമുള്ള നന്ദി അറിയിക്കുന്നു.

**വർഗ്ഗീസ് ജി കുരുവിള**
(സെക്രട്ടറി)

## ദൈവാലയ പുനഃപ്രതിഷ്ഠ

തലവൂർ സെന്ററിൽ ഉൾപ്പെട്ട പാലക്കുഴി അമ്പലനിരപ്പ് എബനേസർ മാർത്തോമ്മാ ദൈവാലയത്തിന്റെ പുനഃപ്രതിഷ്ഠാ ശുശ്രൂഷ 2012 സെപ്തംബർ 8 ശനിയാഴ്ച രാവിലെ 9 മണിക്ക് ഭദ്രാസനഎപ്പിസ്കോപ്പാ അഭിവന്ദ്യ ജോസഫ്മാർ ബർന്നബാസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടന്നു. സെന്ററിലെ വൈദീകർ, റവ.ഇ.ജെ.ജോർജ്ജ്, റവ.എസ്. അലക്സാണ്ടർ, റവ.നിക്സൺ ഡാനിയേൽ, റവ.ജോൺസൺ സാമുവേൽ, ഭദ്രാസനകൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

**റവ.വിനോദ് പി.ജോബ്** (വികാരി)

**സെന്റർ ക്യാമ്പ്:** കണ്ണംകോട് സെന്റർ സണ്ടേസ്കൂൾ ക്യാമ്പ് 2012 ഒക്ടോബർ 23,24 തീയതികളിൽ അടൂർ യൂത്ത് സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. ക്രിസ്തീയ ശിഷ്യത്വം എന്നതാണ് വിഷയം.

**വർഗ്ഗീസ് ജി കുരുവിള** (സെക്രട്ടറി)

## പ്ലാറ്റിനം ജൂബിലി ആഘോഷം

കുളക്കട സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം 2012 ജൂലൈ 15 ഞായറാഴ്ച നടത്തപ്പെട്ടു. വി.കുർബ്ബാനയ്ക്ക് ഭദ്രാസനഅദ്ധ്യക്ഷൻ അഭി.ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ കാർമ്മികത്വം വഹിച്ചു. ഇടവകയുടെ 20 കുട്ടികൾ ആദ്യകുർബ്ബാനസ്വീകരിച്ചു. പ്ലാറ്റിനം ജൂബിലി സമ്മേളനം അഭി.തിരുമേനി ഉദ്ഘാടനം ചെയ്യുകയും ജൂബിലി ലോഗോ പ്രവർത്തനകലണ്ടർ ഇവ പ്രകാശനം ചെയ്യുകയും ചെയ്തു. ഭദ്രാസനസെക്രട്ടറി റവ.അലക്സാണ്ടർ തോമസ് അദ്ധ്യക്ഷത വഹിച്ചു. റവ. ധർമ്മിഷ്ഠ പണിക്കർ, ജനപ്രതിനിധികൾ, ഇടവക ചുമതലക്കാർ എന്നിവർ പ്രസംഗിച്ചു.

**റവ.തോമസ് ഏബ്രഹാം** (വികാരി)

## പഠനകോൺഗ്രസ്

മാർത്തോമ്മാ യുവജനസഖ്യം പഠനകോൺഗ്രസ് ഭദ്രാസനതല സമ്മേളനം 2012 സെപ്തംബർ 22-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ അടൂർ ഈശോമാർ തിമൊഥെയോസ് മെമ്മോറിയൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. റവ.ഷൈജു പി.ജോൺ, റവ. എബിൻ സാമ്പ്രിക്കൽ, റവ.ജിബിൻ വി.ശാമുവേൽ, ഭദ്രാസനത്തിലെ വൈദീകർ, സഖ്യം പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി. വിവിധ ശാഖകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**ഷിബിൻ ശിശുമണി**
(സെക്രട്ടറി)

## വൈവാഹികം

*വധുവിനെ ആവശ്യമുണ്ട്*

മസ്ക്കററിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്ന മാർത്തോമാ യുവാവ്, 175 സെ.മീ നീളം, 27 വയസ്സ്. ദൈവഭയമുള്ള യുവതികളുടെ കുടുംബത്തിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

Tel: 04734 221544

*വധുവിനെ ആവശ്യമുണ്ട്*

അഹമ്മദാബാദിൽ എക്സിക്യൂട്ടീവ് ആയ യുവാവ് (MBA), 29 വയസ്സ് 180 സെ.മി.നീളം ദൈവഭയമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Mob: 0468 2351928, 9744595648
(M4 Marry ID:**3524263**, Member ID:**3013**)

*വധുവിനെ ആവശ്യമുണ്ട്:*

കുവൈറ്റിൽ ജോലിയുള്ളതും (ഐ.റ്റി.) ഡിസംബർ ആദ്യവാരം നാട്ടിൽ എത്തുന്നതുമായ 32 വയസ്സുള്ള യുവാവ്, 157 സെ.മി.നീളം, ദൈവഭയമുള്ള മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: **0475 2228351**

*വധുവിനെ ആവശ്യമുണ്ട്*

തിരുവനന്തപുരം ടെക്നോ പാർക്കിൽ ജോലി ചെയ്യുന്ന 31 വയസ്സുള്ള മാർത്തോമ്മ യുവാവ്, 170 സെ.മീ നീളം. ദൈവ ഭയമുള്ള കുടുംബത്തിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

Tel: 04734 228744, 9895824936

*വധുവിനെ ആവശ്യമുണ്ട്*

ഹൈദരബാദിൽ കോളേജിൽ അക്കൗണ്ടന്റും MBA വിദ്യാർത്ഥിയുമായ യുവാവ് 28 വയസ്, 5.8ft. ദൈവ ഭയമുള്ള യുവതികളുടെ കുടുംബത്തിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

Mob: 9495350028, 04734 - 211349

*വരനെ ആവശ്യമുണ്ട്*

തിരുവനന്തപുരത്ത് പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലിചെയ്തു വരുന്ന മാർത്തോമ്മാ യുവതി (28) വയസ്സ്, 163 സെ.മി.നീളം, എം.ഫാം. ദൈവഭയമുള്ള കുടുംബത്തിൽ നിന്നും അനുയോജ്യമായ വിവാഹാലോചന ക്ഷണിക്കുന്നു.

Mob: 0475 2226469

*വരനെ ആവശ്യമുണ്ട്*

ബയോടെക് ഗവേഷണവിദ്യാർത്ഥിനി, 28 വയസ്സ്, 5.4" ഉയരം, ഏക മകൾ. ദൈവഭയമുള്ള മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Mob:9447307389

## ഏവൻഗേലിയോൻ പഠനം

അടൂർ ഭദ്രാസനത്തിലെ വൈദികരുടെ പഠനക്കൂട്ടായ്മ 2012 ഒക്ടോബർ 9 ാം തീയതി ചൊവ്വാഴ്ച രാവിലെ 8 മണിക്ക് അടൂർ ഈശോ മാർ തിമോഥെയോസ് സ്മാരക സ്പിരിച്ചാലിററി സെന്ററിൽ വച്ച് ഭദ്രാസന എപ്പിസ്കോപ്പായുടെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതാണ്. ഭദ്രാസനത്തിലെ എല്ലാ വൈദികരും കൃത്യ സമയത്ത് തന്നെ വന്ന് സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**റവ. ഷോജി വർഗ്ഗീസ്**
(കോർഡിനേറ്റർ)



അയാമിൻ യു

# ഞാനൊക്കെ ഇവിടുണ്ടല്ലോ...

മലയാളത്തിൽ ഏറെ പ്രചാരമുള്ള ഒരു ദിനപത്രത്തിലെ ബിസിനസ് അവലോകനത്തിൽ എസ് കെ പൊററക്കാടിന്റെ യാത്രാ വിവരണമായ' മലയാനാടുകളിൽ നിന്നും' കടമെടുത്ത ഒരു ഭാഗം അവതരിപ്പിക്കുന്നു. മലയാളി സംഘടനയുടെ യോഗമാണ് പശ്ചാത്തലം. യോഗാരംഭത്തിൽ തന്നെ ഒരാൾക്ക് ഉടക്ക്. ചുരുട്ടിപ്പിടിച്ച പത്രവുമായി അയാൾ ബഹളം കൊഴുപ്പിക്കുകയാണ്. യോഗത്തിന്റെ തീയതി പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയത് വ്യത്യസ്തമായിട്ടാണ് എന്നതാണ് തർക്കത്തിനു കാരണം. അതിനാൽ അദ്ദേഹത്തിനു യോഗം മുടക്കിയേ മതിയാകൂ. പക്ഷേ, ഭാരവാഹികൾ വിട്ടുകൊടുത്തില്ല. ഒടുവിൽ ഭാരവാഹികളുമായി തന്റെ പെർഫോമൻസിന്റെ വിലയിരുത്തൽ നടത്തി പൊട്ടിച്ചിരിക്കുന്ന കഥാനായകൻ.

ഇനി അവലോകനം. എന്തായിരുന്നു കഥാനായകന്റെ ലക്ഷ്യം. പ്രതിഷേധത്തിലൂടെ വ്യക്തിത്വ പ്രകാശനം എന്ന് എസ് കെ പൊററക്കാടിന്റെ അഭിപ്രായം. നാലാൾ കൂടുന്നിടത്ത് തന്റെ ശബ്ദം കേൾപ്പിക്കാനുള്ള വിദ്യയാണിതെന്ന് വിലയിരുത്തൽ. ഞാനൊക്കെ ഇവിടുണ്ടേ എന്ന് മററുള്ളവരെ അറിയിക്കാനും. പ്രതിഷേധിക്കുന്നവരാണ് ഹീറോ എന്ന ധാരണയിലുള്ള വീര്യ പ്രവർത്തികൾ. ചിലർക്ക് വീര്യ പ്രവർത്തികൾക്കാണല്ലോ വരം! പൊററക്കാടിന്റെ കഥാപുസ്തകത്തിൽ ഇമ്മാതിരി പരിപാടികളുള്ള മലയാളികളെ അവതരിപ്പിക്കുന്ന കഥയുടെ പേരു തന്നെ മലയാളിയുടെ സാമൂഹ്യ വിനോദങ്ങൾ എന്നാണെന്ന് ലേഖകൻ സാക്ഷിക്കുന്നു. അജണ്ടയിലെ ഒന്നാമത്തെ ഇനത്തിൽ തന്നെ കല്ലുകടിക്കുന്നവർക്ക് ലക്ഷ്യം ആളുകൾ എഴുന്നേററു പോകുന്നതിനു മുമ്പ് താൻ മിടുക്കനാണെന്ന് തെളിയിക്കണം. ഇത്തരം കലാപാരിപാടികൾ നിത്യ വിനോദമാക്കിയവരെ എവിടേയും കാണാമെങ്കിലും നമ്മുടെ യോഗങ്ങളിൽ സമൃദ്ധം. മാർത്തോമ്മാക്കാരന്റെ 'ആത്മീയ വിനോദങ്ങൾ!'

ഒരു ഇടവകയിൽ സുദീർഘമായ ചർച്ച. പള്ളിമുററത്ത് കാടുകയറുന്നു. വേലക്കൂലി കൊടുത്ത് മടുത്തു. ചുമതലക്കാരുടെ ആശയം അവതരിപ്പിച്ചു തുടങ്ങുമ്പോഴേ പ്രതിഷേധവുമായി ആളെണീററു കഴിഞ്ഞു. 'ധൂർത്ത്! ആഢംബരം, ഓ.. പിന്നേ...! എന്തിനാ...?, പള്ളിക്കിതിന്റെ ആവശ്യം...? വീടില്ലാത്തവൻ ഇവിടുള്ളപ്പോഴാ...?!'. തർക്കം മുറുകുമ്പോൾ യോഗം കണക്കെടുപ്പു നടത്തി. ഔദ്യോഗിക ചുമതലക്കാരുടെ മുഴുവൻ പേരുടേയും, പ്രതിഷേധിച്ചു നിന്ന മുഴുവൻ പേരുടേയും അതിനു പിന്നാമ്പുറത്തു നിന്നു ആലോചനപറഞ്ഞു കൊടുത്തവരുടേയും വീട്ടുമുററത്ത് പലവിധത്തിലും പലനിറത്തിലും ആഢംബര കല്ലുകൾ തന്നെ പാകിയിരിക്കുന്നു. ചിലർ നിലവിലുള്ളത് മാററാനുള്ള ആലോചനയിലുമാണ്. എന്തായിരിക്കും പ്രതിഷേധത്തിനു കാരണം സിമ്പിൾ. 'ഞാനൊക്കെ ഇവിടുണ്ടേ' എന്നൊന്നു പറയണം. അത്രമാത്രം. പക്ഷേ സ്തോത്രകാഴ്ച പണം പലവട്ടം കൂലിച്ചെലവിൽ പോകുന്നതിനും പള്ളിമുററം കാടുപിടിക്കുന്നതിനും കുറവില്ല. ചർച്ച പിന്നെയും വരും ഞാനൊക്കെ ഇവിടുണ്ടല്ലോ.

ആളാകാനുള്ള ശ്രമങ്ങളിൽ ചർച്ചകൾ തട്ടിമുട്ടി നിൽക്കുമ്പോൾ ആത്മാർത്ഥമായി ചർച്ചചെയ്യേണ്ട പലതും കാടുമൂടിപ്പോവുകയും നമ്മുടെ പല സംഘങ്ങളും സംഘടനകളും ഇടവകകളും ബഹുദൂരം പിന്നിലായിപ്പോവുകയും ചെയ്യും. പള്ളിയോടടുത്ത് ഭാവിയിൽ ഏറെ പ്രയോജനം ചെയ്യാനിടയുള്ള ഒരു പറമ്പ് ഇടവക വാങ്ങണം എന്ന അഭിപ്രായത്തെ അതുന്നയിച്ച ആളിനോടുള്ള വ്യക്തി വിരോധത്തിന്റെ പേരിൽ മാത്രം പിഴുതെറിഞ്ഞ് താൻ ഇടവകകയെ വലിയൊരു ബാധ്യതയിൽ നിന്നും രക്ഷിച്ചു എന്ന് ഊററം കൊണ്ട ഒരു വീരന്റെ കൺമുമ്പിൽ മറെറാരു സഭ ആ സ്ഥലംവാങ്ങി വളർന്നതും പിന്നെ നിരന്തരം വെല്ലുവിളിയായതും ഒരു വൈദികൻ നൊമ്പരപ്പെട്ടു പറഞ്ഞ കഥ. ബഹു ജനം നിശ്ശബ്ദരും മിണ്ടാത്തവരും മിണ്ടിക്കൂടാത്തവരുമായി തീരുകയും ചിലർ മാത്രം കോലാഹലപ്പെടുകയും ചെയ്യുമ്പോൾ വന്നുകൂടുന്ന നഷ്ടം ചില്ലറയല്ലെന്നും കൂമ്പടഞ്ഞുപോകുന്നത് നമ്മുടേതു തന്നെയെന്നും നാം തിരിച്ചറിഞ്ഞെങ്കിൽ!



ഭദ്രാസന അസംബ്ലി 2012



ദൈവാലയ പുനഃപ്രതിഷ്ഠ– പാലക്കുഴി എബനേസർ

## ജൂബിലി ആഘോഷം



കടമ്പനാട് ഇമ്മാനുവേൽ



കുളക്കട സെന്റ്തോമസ്



ബാലകലോത്സവം– കണ്ണംകോട് സെന്റർ



ശുശ്രൂഷകന് യാത്രയയപ്പ്– കുറത്തികാട് സെന്റ് തോമസ്

## ആദ്യകുർബ്ബാന



കുറത്തികാട് സെന്റ് തോമസ്



കുളക്കട സെന്റ്തോമസ്



# മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂൾ
## CBSE

## സീയോൻകുന്ന്, കലയപുരം

പ്രിയ സഭാജനങ്ങളെ, സുഹൃത്തുക്കളെ

പുണ്യശ്ലോകനായ സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ പ്രാർത്ഥനയാലും ധ്യാനത്താലും അനുഗ്രഹീതമായ കലയപുരം സീയോൻകുന്നിൽ ആരംഭിക്കുന്ന മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂളിന്റെ (CBSE, LKG - Std. XII) ശിലാസ്ഥാപനം 2012 ജൂൺ 2-ാം തീയതി അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി നിർവ്വഹിച്ചു. അഭിവന്ദ്യ ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനി സ്കൂളിനുവേണ്ടി ആദ്യ സംഭാവനനൽകി. ഇതോടനുബന്ധിച്ച് അടൂർ കരുവാറ്റയിൽ ആരംഭിച്ച മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂൾ (ജൂനിയർ സെക്ഷൻ) ന്റെ പ്രവർത്തനോദ്ഘാടനം 2012 ജൂൺ 16-ാം തീയതി, കേരളാ സംസ്ഥാനആഭ്യന്തര മന്ത്രി ബഹു. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവർകൾ നിർവ്വഹിച്ചു. ഹോസ്റ്റൽ സൗകര്യങ്ങളും ഉപരിപഠനത്തിന്റെ കോച്ചിംഗ് ക്ലാസ്സുകളും വ്യക്തിത്വ വികസനത്തിന്റെ പരിശീലനങ്ങളും സ്കൂൾ ക്യാമ്പസിൽ ഉണ്ടായിരിക്കുന്നതാണ്. ഈ ഭദ്രാസനത്തിലെ ഇദംപ്രഥമമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് ഇത്. സുവിശേഷവേലയ്ക്കും സാമൂഹ്യപ്രതിബദ്ധതയ്ക്കും സഭാ പ്രവർത്തനങ്ങൾക്കും ഒരു മുതൽക്കൂട്ടായിരിക്കും ഈ സ്ഥാപനം. സഭാ ജനങ്ങൾക്ക് താഴെപ്പറയുന്ന രീതിയിൽ സ്പോൺസർ ചെയ്ത് ഈ പദ്ധതിയെ സഹായിക്കാം.

| | | |
|---|---|---|
| ❖ ഒരു ക്ലാസ് മുറി | - | 5 ലക്ഷം |
| ❖ സ്കൂൾ ചാപ്പൽ | - | 20 ലക്ഷം |
| ❖ സ്കൂൾ പ്രവേശനകവാടവും അഡ്മിനിസ്ട്രേറ്റീവ് വിഭാഗവും | - | 15 ലക്ഷം |
| ❖ ലബോറട്ടറികൾ (5 എണ്ണം) | - | 10 ലക്ഷം (ഒന്നിന്) |
| ❖ ക്ലാസ്മുറിയിലെ ഫർണ്ണിച്ചറും ഉപകരണങ്ങളും | - | 1 ലക്ഷം |
| ❖ സ്കൂൾ ബസ് | - | 10 ലക്ഷം |
| ❖ സ്പെഷ്യൽ ഡൊണേഷൻ | - | 50,000/- |

ഈ രീതിയിൽ സ്പോൺസർ ചെയ്യുന്നവരുടെ പേര് അടങ്ങിയ സ്ലാബുകൾ അതാത് സ്ഥലങ്ങളിൽ പതിക്കുന്നതാണ്.

മികച്ച വിദ്യാഭ്യാസയോഗ്യതയുള്ള അദ്ധ്യാപകർ, ആധുനിക ക്ലാസ്റൂം സൗകര്യങ്ങൾ, കുട്ടികളുടെ കായികവും മാനസികവുമായ വികസനത്തിനുതകുന്ന അദ്ധ്യാപനരീതികൾ, മൂല്യാധിഷ്ഠിത പഠനം ഇവയൊക്കെയും ഈ സ്കൂളിന്റെ പ്രത്യേകതകൾ ആയിരിക്കും. ഏവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ
ഭദ്രാസന ബിഷപ്പ്

റവ. അലക്സാണ്ടർ തോമസ്
ഭദ്രാസന സെക്രട്ടറി
Mob: 9744956277

ശ്രീ. ജേക്കബ് ജോർജ്ജ്
ഭദ്രാസന ട്രഷറർ

ഹെർമ്മോൻ ദൂതൻ

Published from:
ഹെർമ്മോൻ അരമന, അടൂർ - 691 523
Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

KADAVIL graphics